2024 OCTOBER
21
MONDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# സി.എൻ.ജി. വില ആറ് രൂപ വരെ ഉയർന്നേക്കും

**ന്യൂഡൽഹി:** വാഹനങ്ങൾക്കുള്ള സി.എൻ.ജി.യുടെ വില കിലോഗ്രാമിന് നാല് മുതൽ ആറ് രൂപ വരെ വർധിച്ചേക്കും. ചില്ലറ വ്യാപാരികൾക്കുള്ള സി.എൻ.ജി. വിതരണത്തിൽ സർക്കാർ 20 ശതമാനം കുറവു വരുത്തിയതോടെയാണിത്. സർക്കാർ എക്സൈസ് തീരുവ കുറച്ചില്ലെങ്കിൽ കൂടുന്ന വിലയുടെ ആഘാതം ജനം താങ്ങേണ്ടിവരും.

ഭൂനിരപ്പിനുതാഴെനിന്നും സമുദ്രത്തിനടിയിൽ നിന്നുമെടുക്കുന്ന പ്രകൃതിവാതകമാണ് സി.എൻ.ജി.യുടെ (കംപ്രസ്ഡ് നാച്ചുറൽ ഗ്യാസ്) അസംസ്കൃത വസ്തു. സർക്കാർ നിയന്ത്രണത്തിലുള്ള എ




ണ്ണപ്പാടങ്ങളിൽ നിന്നെടുക്കുന്ന ഇതിന്റെ വിലയും നിശ്ചയിക്കുന്നത് സർക്കാരാണ്.

2023 മേയിൽ സി.എൻ.ജി.ക്ക് ആവശ്യമുള്ളതിന്റെ 90 ശതമാനം പ്രകൃതിവാതകമാണ് ലഭിച്ചിരുന്നതെങ്കിൽ കഴിഞ്ഞമാസം ഇത് 67.74 ശതമാനവും ഈമാസം 16 മുതൽ 50.75 ശതമാനവുമായി കുറഞ്ഞു.ഇതോടെ, നഗരത്തിലെ ചില്ലറ സി.എൻ.ജി. വ്യാപാരികൾക്ക് കുറവ് നികത്താൻ വിലകൂടിയ എൽ.എൻ.ജി. (ദ്രവീകൃത പ്രകൃതിവാതകം) ഇറക്കുമതി ചെയ്യേണ്ടിവരികയാണ്. ഇക്കാരണത്താലാണ് വിലവർധന

# കവരപ്പേട്ട ട്രെയിൻ അപകടം അട്ടിമറി തന്നെ; ഗൂഢാലോചന അന്വേഷിക്കുന്നു

**ചെന്നൈ:** തിരുവള്ളൂർ കവരപ്പേട്ടയിലെ ട്രെയിൻ അപകടം അട്ടിമറിയാണെന്ന് സ്ഥിരീകരിച്ചതോടെ ഗൂഢാലോചനയും അന്വേഷിക്കുന്നു. പാളത്തിലെ മെയിൻ ലൈൻ ലൂപ് ലൈൻ ജംക്ഷൻ ബോൾട്ട്, നട്ട് എന്നിവ അഴിച്ചുമാറ്റിയ നിലയിലായിരുന്നു. ലൈനിലെ പ്രധാന സ്വിച്ച് പോയിന്റിൽ നിന്ന് നട്ടും ബോൾട്ടും നഷ്ടപ്പെട്ടിട്ടുണ്ട്.



നാൽപതോളം റെയിൽവേ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും വിളിച്ചുവരുത്തി ചോദ്യം ചെയ്തു. നേരത്തേയും സമാന രീതിയിൽ അട്ടിമറി ശ്രമം നടന്നിരുന്നു. പരിശീലനം ലഭിച്ച ഭീകരരാണ് അട്ടിമറിക്കു പിന്നിലെന്നാണ് അന്വേഷണ സംഘത്തിന്റെ നിഗമനം. മൈസൂരുദർഭംഗ ബാഗ്മതി എക്സ്പ്രസ് 11നു രാത്രിയാണ് നിർത്തിയിട്ടിരുന്ന ചരക്കു ട്രെയിനിന്റെ പിന്നിൽ ഇടിച്ചുകയറിയത്. അപകടത്തിൽ 19 പേർക്ക് പരിക്കേറ്റിരുന്നു.

# ഗാസയിൽ ഇസ്രയേൽ ബോംബാക്രമണം 87 മരണം

**ജറുസലം:** വടക്കൻ ഗാസയിൽ ശനിയാഴ്ച രാത്രി ബെയ്ത്ത് ലാഹിയ പട്ടണത്തിൽ വീടുകൾക്കുനേരെ ഇസ്രയേൽ നടത്തിയ ബോംബാക്രമണങ്ങളിൽ 87 പലസ്തീൻകാർ കൊല്ലപ്പെട്ടു. 40 പേർക്കു പരുക്കേറ്റു. ഒരു മാസത്തിനിടെ ഒറ്റ ദിവസം ഏറ്റവും കൂടുതൽപേർ കൊല്ലപ്പെട്ട ആക്രമണമാണിത്. ലബനനിൽ നടത്തിയ ആക്രമണങ്ങളിൽ ഹിസ്ബുല്ലയുടെ 3 കമാൻഡർമാരെ കൂടി വധിച്ചെന്ന് ഇസ്രയേൽ സൈന്യം പറഞ്ഞു. ബെയ്റൂട്ടിൽ ഹിസ്ബുല്ലയുടെ ഇന്റലിജൻസ് ആസ്ഥാനത്തും ആയുധനിർമാണശാലയിലും ബോംബിട്ടു.

ഒരു വർഷം മുൻപ് ഇസ്രയേൽ സൈന്യം ഗാസയിൽ പ്രവേശിക്കുമ്പോൾ ആദ്യം ആക്രമിക്കപ്പെട്ട പ്രദേശമാണു ബെയ്ത്ത് ലാഹിയ. തകർന്ന വീടുകളുടെ അവശിഷ്ടങ്ങൾക്കടിയിൽ ഒട്ടേറെപ്പേരെ കാണാതായെന്നും റിപ്പോർട്ടുണ്ട്. രണ്ടാഴ്ച മുൻപാണു വടക്കൻ ഗാസയിലെ ജബാലിയയിലേക്ക് ഇസ്രയേൽ ടാങ്കുകൾ തിരിച്ചെത്തിയത്. ജബാലിയയ്ക്കു തെക്കാണു ബെയ്ത്ത് ലാഹിയ. ഇസ്രയേൽ സൈന്യം വളഞ്ഞുവച്ചിരിക്കുന്ന വടക്കൻ ഗാസയിൽ 4 ലക്ഷം പലസ്തീൻകാർ കുടുങ്ങിക്കിടപ്പുണ്ടെന്നാണു റിപ്പോർട്ട്. 16 ദിവസമായി ഭക്ഷണവും വെള്ളവുമടക്കം ജീവകാരുണ്യസഹായമെത്താത്ത സ്ഥിതിയാണ്. ആക്രമണത്തെ യുഎൻ അപലപിച്ചു. ഖാൻ യൂനിസിൽ ജലവിതരണത്തകരാറു നന്നാക്കാൻ പോയ തങ്ങളുടെ 4 എൻജിനീയർമാർ ഇസ്രയേൽ ആക്രമണത്തിൽ കൊല്ലപ്പെട്ടതായി സന്നദ്ധസംഘടനയായ ഓക്സ്ഫാം അറിയിച്ചു.

അതിനിടെ, ഇറാൻ ആക്രമിക്കാനുള്ള ഇസ്രയേൽ സൈനികപദ്ധതി വിലയിരുത്തുന്ന തങ്ങളുടെ രഹസ്യരേഖ ചോർന്ന സംഭവത്തിൽ യുഎസ് അന്വേഷണം ആരംഭിച്ചു. ഒക്ടോബർ 1ന് ഇറാൻ ഇസ്രയേലിൽ നടത്തിയ മിസൈൽ ആക്രമണങ്ങൾക്കു തിരിച്ചടിക്കു സൈനികസാമഗ്രികളുടെ നീക്കം ഇസ്രയേൽ ആരംഭിച്ചതിന്റെ വിവരങ്ങളാണു യുഎസ് ജീയോസ്പേഷ്യൽ ഇന്റലിജൻസ് ഏജൻസിയും നാഷനൽ സെക്യൂരിറ്റി ഏജൻസിയും ചേർന്നു തയാറാക്കിയ രഹസ്യരേഖയിലുള്ളത്. സമൂഹമാധ്യമായ ടെലിഗ്രാമിൽ പ്രത്യക്ഷപ്പെട്ട രേഖ ആദ്യം സിഎൻഎൻ ആണു റിപ്പോർട്ട് ചെയ്തത്. ഹമാസ് നേതാവ് യഹ്യ സിൻവർ കൊല്ലപ്പെട്ട സാഹചര്യത്തിൽ ഗാസയിൽ വെടിനിർത്തലിനായി യുഎസ് സമ്മർദം ചെലുത്തുന്നുണ്ടെങ്കിലും ഇസ്രയേലോ ഹമാസോ താൽപര്യം പ്രകടിപ്പിച്ചിട്ടില്ല. ഇസ്രയേൽ ആക്രമണങ്ങളിൽ ഇതുവരെ ഗാസയിൽ 42,603 പലസ്തീൻകാർ കൊല്ലപ്പെട്ടു. 99,795 പേർക്കു പരുക്കേറ്റു. ഗാസയിൽ ഒരു കേണൽ കൊല്ലപ്പെട്ടതായി ഇസ്രയേൽ സൈന്യം അറിയിച്ചു.

## ജമ്മു കശ്മീരിൽ ഭീകരാക്രമണം; ഒരു ഡോക്ടറും 6 തൊഴിലാളികളും കൊല്ലപ്പെട്ടു

**ശ്രീനഗർ:** ജമ്മു കശ്മീരിലെ ഗാൻദെർബാൽ ജില്ലയിലെ ഗഗൻഗീർ മേഖലയിൽ തൊഴിലാളികളുടെ താമസസ്ഥലത്ത് ഭീകരർ നടത്തിയ വെടിവയ്പിൽ ഒരു ഡോക്ടറും 6 തൊഴിലാളികളും കൊല്ലപ്പെട്ടു. സോനാമാർഗ് മേഖലയിൽ ശ്രീനഗർ, ലേ തുരങ്കനിർമാണത്തിന് എത്തിയ തൊഴിലാളികളുടെ താമസസ്ഥലത്താണു വെടിവയ്പുണ്ടായത്.

ജോലി കഴിഞ്ഞു തൊഴിലാളികളും മറ്റു ജീവനക്കാരും ക്യാംപിലേക്കു തിരിച്ചെത്തിയപ്പോഴായിരുന്നു ആക്രമണം. ഭീകരരെ കണ്ടെത്താൻ സുരക്ഷാസേന വ്യാപക തിരച്ചിൽ ആരംഭിച്ചു. കഴിഞ്ഞ ദിവസം ഷോപിയാനിൽ ബിഹാറിൽനിന്നുള്ള തൊഴിലാളിയെയും ഭീകരർ വെടിവച്ചുകൊന്നിരുന്നു. കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ, കേന്ദ്ര മന്ത്രി നിതിൻ ഗഡ്കരി, ജമ്മു കശ്മീർ മുഖ്യമന്ത്രി ഒമർ അബ്ദുല്ല, ലഫ് ഗവർണർ മനോജ് സിൻഹ തുടങ്ങിയവർ ആക്രമണത്തെ അപലപിച്ചു.

തൊഴിലാളികൾക്കു നേരെ നടന്ന ആക്രമണത്തെ മുഖ്യമന്ത്രി ഒമർ അബ്ദുള്ള ഭീരുത്വവും നീചവുമെന്നു വിശേഷിപ്പിച്ചു. ”ഗുരുതരമായി പരിക്കേറ്റവരെ ശ്രീനഗറിലെ എസ്കെഐഎംഎസ് ആശുപത്രിയിലേക്ക് മാറ്റുകയാണ്. പരിക്കേറ്റവർ പൂർണ്ണ സുഖം പ്രാപിക്കാൻ പ്രാർഥിക്കുന്നു” ഒമർ അബ്ദുള്ള എക്സിൽ കുറിച്ചു. പൊലീസും സൈന്യവും പ്രദേശത്ത് തിരച്ചിൽ ആരംഭിച്ചു.

തൊഴിലാളികൾക്കു നേരെയുണ്ടായ ആക്രമണത്തെ അപലപിക്കുന്നതായും കൊല്ലപ്പെട്ടവരുടെ കുടുംബാഗംങ്ങളെ തന്റെ ദുഖം അറിയിക്കുന്നതായും കേന്ദ്രമന്ത്രി നിതിൻ ഗ!ഡ്കരി എക്സിൽ കുറിച്ചു. പരുക്കേറ്റവർ എത്രയും വേഗം സുഖം പ്രാപിക്കുന്നതിനായി പ്രാർഥിക്കുന്നതായും നിതിൻ ഗഡ്കരി എക്സിൽ കുറിച്ചു.



# കുസാറ്റിൽ സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസിന്റെ ഡയമണ്ട് ജൂബിലി മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസിൻറെ വജ്ര ജൂബിലി ആഘോഷം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു.കുസാറ്റ് സെമിനാർ കോംപ്ലക്സിൽ നടന്ന ചടങ്ങിൽ വ്യവസായ, കയർ, നിയമ വകുപ്പ് മന്ത്രി പി. രാജീവ്, പാർലമെന്റ് അംഗം ഹൈബി ഈഡൻ എന്നിവരും സന്നിഹിതരായിരുന്നു. എസ്എംഎസിനായി അനുവദിച്ച ഒരു കോടി രൂപ സർക്കാരിനു കുസാറ്റിനോടുള്ള കരുതലാണെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.അപ്പോളോ ടയേഴ്സ് പോലുള്ള മുൻ നിര കമ്പനിയുമായി ചോർന്ന് ആരംഭിച്ച പുതിയ ഇൻഡസ്ട്രിഅക്കാദമിയ ജോയിന്റ് എക്സിക്യൂട്ടീവ് എം.ടെക്ക് പ്രോഗ്രാമിനെക്കുറിച്ചും സുസ്ഥിര വികസനത്തിൽ പുതിയ കോഴ്സ് ഡിസൈനിങ്ങിനെക്കുറിച്ചും മന്ത്രി പി. രാജീവും, എൻ.ഐ.ആർ.എഫ് റാങ്കിംഗിൽ ലഭിച്ച നേട്ടത്തിൽ കുസാറ്റിനെ അഭിനന്ദിച്ച് ഹൈബി ഈഡൻ എംപിയും സംസാരിച്ചു.

വൈസ് ചാൻസലർ പ്രൊഫ. ഡോ.എം ജുനൈദ് ബുഷിരിയുടെ സ്വാഗത പ്രസംഗത്തോടെ പരിപാടി ആരംഭിച്ചു.കളമശ്ശേരി മുനിസിപ്പൽ ചെയർപേഴ്സൺ സീമാ കണ്ണൻ, സിൻഡിക്കേറ്റ് അംഗം ഡോ.ശശി ഗോപാലൻ,ഐ.ക്യു.എ.സി ഡയറക്ടർ ഡോ.സാം തോമസ്, എസ്എംഎസ് ഡയറക്ടർ ഡോ.സക്കറിയ കെ.എ,എസ്എംഎസ് അലുമ്നി അസോസിയേഷൻ പ്രസിഡൻറ് ബൈജു അമ്പാടൻ എന്നിവർ ആശംസയർപ്പിച്ച് സംസാരിച്ചു.കുസാറ്റ് രജിസ്ട്രാർ ഡോ.അരുൺ എ.യു നന്ദിയും പറഞ്ഞു.



കുസാറ്റ് എസ്എംഎസ് വജ്ര ജൂബിലി ആഘോഷം മുഖ്യമന്ത്രി പിണറായി വിജയൻ കൊളുത്തി ഉദ്ഘാടനം ചെയ്യുന്നു. സീമാ കണ്ണൻ, മന്ത്രി പി രാജീവ്,കുസാറ്റ് വൈസ് ചാൻസലർ പ്രൊഫ ഡോ.ജുനൈദ് ബുഷിരി,എസ്എംഎസ് ഡയറക്ടർ ഡോ.സക്കറിയ കെ.എ,എം.പി ഹൈബി ഈഡൻ,കുസാറ്റ് രജിസ്ട്രാർ ഡോ.അരുൺ എ.യു, ഐ.ക്യു.എ.സി ഡയറക്ടർ ഡോ.സാം തോമസ് എന്നിവർ സമീപം.

കഴിഞ്ഞ 60 വർഷമായി അക്കാദമിക മികവിലും മാനേജ്മെന്റ് വിദ്യാഭ്യാസത്തിലും ഏറെ മുന്നേറ്റങ്ങൾ നടത്തിയിട്ടുള്ള കുസാറ്റ് സ്കൂൾ ഓഫ് മാനേജ്മെൻറ് സ്റ്റഡീസ് എം.ബി.എ, പി.എച്ച്.ഡി, എക്സിക്യൂട്ടിവ് എം.ബി.എ തുടങ്ങിയ പ്രോഗ്രാമുകൾ വിദ്യാർത്ഥികൾക്കും പ്രൊഫഷണലുകൾക്കുമായി ഒരുക്കിയിട്ടുണ്ട്.

അക്കാദമിക ജ്ഞാനവും പ്രായോഗിക വൈദഗ്ധ്യവുമുള്ള മികച്ച പ്രൊഫഷണലുകളെ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ അനുദിനം മാറിക്കൊണ്ടിരിക്കുന്ന ആഗോള ബിസിനസ്സ് പരിസ്ഥിതിക്ക് അനുസൃതമായി നിൽകാനും വികസിച്ചുകൊണ്ടിരിക്കുന്ന കോർപ്പറേറ്റ് ലോകത്തിന്റെ വെല്ലുവിളികളെ നേരിടാനും ബിരുദധാരികളെ തയ്യാറാക്കുക കൂടിയാണ് സ്കൂൾ ഓഫ് മാനേജ്മെൻറ് സ്റ്റഡീസ് ചെയ്യുന്നത്.

നിലവിലുള്ള കെട്ടിത്തിലേക്ക് സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് മാറുന്നത് 1967 ലാണ്.നാല് വർഷത്തിന് ശേഷം, 1971 ൽ, എസ്എംഎസ് കൊച്ചി സർവകലാശാലയുടെ ഭാഗമായി ഇന്റർ ഡിസിപ്ലിനറി സഹകരണവും അക്കാദമിക മികവും വർദ്ധിക്കുന്ന കാഴ്ച്ചയാണ് പിന്നീടുള്ള കാലങ്ങളിൽ കണ്ടത്. വിവിധ മേഖലകളിൽ ജോലിചെയ്യുന്ന പ്രൊഫഷണലുകൾക്കായി കേരളത്തിലെ ആദ്യത്തെ പാർട്ട് ടൈം എം.ബി.എ പ്രോഗ്രാം 1972 ൽ ആരംഭിച്ചു.

തുടർന്ന് 1973 ൽ മുഴുവൻ സമയ എം.ബി.എ യും, അടുത്ത വർഷം എം.കോമും, 1975 ൽ മാനേജ്മെന്റിലെയും അനുബന്ധ മേഖലകളിലെയും ഗവേഷണത്തിന് ഗണ്യമായ സംഭാവന നൽകുന്ന പി.എച്ച്.ഡി പ്രോഗ്രാമും ആരംഭിച്ചു.1978ൽ ആരംഭിച്ച മാസ്റ്റർ ഓഫ് ബാങ്ക് മാനേജ്മെന്റ് പ്രോഗ്രാം വ്യവസായത്തിന്റെയും സമൂഹത്തിന്റെയും ബന്ധം വളർത്താൻ പര്യാപ്തമായ പ്രോഗ്രാമായി മാറി.

ആഗോള വിപണിയിൽ വിദ്യാർത്ഥികളെ ചുവടുറപ്പിക്കുന്നതിനായി 1996 ൽ മാസ്റ്റേഴ്സ് ഇൻ ഇന്റർനാഷണൽ ബിസിനസ്, 1997 ൽ മാസ്റ്റർ ഓഫ് ബിസിനസ് ഫിനാൻസ്, 2007 ൽ ട്രാവൽ ആൻഡ് ടൂറിസത്തിൽ ഫുൾ ടൈം എം.ബി.എ എന്നീ പ്രോഗ്രാമുകൾ ആരംഭിച്ചു. ഫ്രാൻസിലെ മോണ്ട് പെല്ലിയർ സർവകലാശാല പോലുള്ള പ്രശസ്ത സ്ഥാപനങ്ങളുമായി അന്താരാഷ്ട്ര സഹകരണത്തിന് തുടക്കമിടാൻ ഈ പ്രോഗ്രാമുകൾ വഴിയൊരുക്കി.

2014 ൽ അക്കാദമിക, സാംസ്കാരിക, പ്രൊഫഷണൽ പരിപാടികളുമായി എസ്എംഎസിന്റെ സുവർണ്ണ ജൂബിലി ആഘോഷിച്ചു. മാനേജ്മെന്റ് വിദ്യാഭ്യാസ മേഖലയിൽ സ്കൂളിന്റെ പ്രശസ്തി വർദ്ധിക്കാൻ ഇതിടയാക്കി.

എസ്എംഎസിൽ ഐ.സി.ടി എനേബിൾഡ് ക്ലാസ് മുറികൾ, ലാബുകൾ, നിലവാരമുള്ള മാനേജ്മെന്റ് സോഫ്റ്റ്വെയർ എന്നിവ ഉൾപെടുത്തി കാമ്പസ് സൗകര്യങ്ങൾ നവീകരിച്ചു. പാഠ്യപദ്ധതി നവീകരണത്തിന്റെ ഭാഗമായി, ഡിജിറ്റൽ മാർക്കറ്റിംഗ്, അനലിറ്റിക്സ്, സുസ്ഥിര ബിസിനസ്സ് രീതികൾ തുടങ്ങിയ വ്യവസായ പാഠങ്ങൾ ഉൾപ്പെടുത്തി പുതിയ നൂതന പാഠ്യപദ്ധതി അവതരിപ്പിച്ചു. ഇന്ത്യയിലും വിദേശത്തുമുള്ള മുൻനിര കമ്പനികൾ എസ്എംഎസ് ബിരുദധാരികളെ ഏറ്റവും ഉയർന്ന സിടിസി 21 ലക്ഷം രൂപയും ശരാശരി സിടിസി 9.5 ലക്ഷം രൂപയും നൽകി നേതൃസ്ഥാനത്തേക്ക് നിയമനങ്ങൾ നടത്തിയതോടെ എസ്എംഎസ് റെക്കോർഡ് പ്ലേസ്മെന്റ് നിരക്ക് കൈവരിച്ചു. എൻ.ഐ. ആർ.എഫ് റാങ്കിംഗിൽ ഇന്ത്യയിലെ 3000 മാനേജ്മെന്റ് സ്കൂളുകളിൽ 81ാം സ്ഥാനത്താണ് എസ്എംഎസ്.

60 വർഷത്തെ മാനേജ്മെന്റ് മേഖലയിലെ എസ്എംഎസിന്റെ സംഭാവനകൾ ഉയർത്തിക്കാട്ടുന്ന ഈ വജ്ര ജൂബിലി ആഘോഷത്തിൽ അന്താരാഷ്ട്ര കോൺഫറൻസുകൾ, ആഗോള പൂർവ്വ വിദ്യാർത്ഥി സംഗമങ്ങൾ, മെഗാ കോൺക്ലേവുകൾ, പുതിയ നൂതന അക്കാദമിക് പ്രോഗ്രാമുകൾ എന്നിവ ഉൾപ്പെടും.

ആറ് പതിറ്റാണ്ടായി അക്കാദമിക മേഖലയിലും വ്യവസായത്തിലും മുൻ നിരയിൽ നിന്ന് കൊണ്ട് ഇന്ത്യയിലെ ഒരു പ്രധാന മാനേജ്മെന്റ് വിദ്യാഭ്യാസ സ്ഥാപനമായി മാറുന്നതിനുള്ള എസ്എംഎസിൻറെ പ്രയാണം കൂടുതൽ മികവോടെ തുടരാൻ ഈ വജ്ര ജൂബിലി ആഘോഷങ്ങൾക്കാകുമെന്ന് സർവകലാശാല പ്രതീക്ഷിക്കുന്നു.

# മൂല്യങ്ങൾ ഇല്ലാതാകുന്നത് സമൂഹം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി: കെ എം വർഗീസ്

**കോലഞ്ചേരി :** മൂല്യങ്ങൾ ഇല്ലാതാകുന്നതാണ് സമൂഹം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയെന്ന് സോഷ്യൽ ജസ്റ്റിസ് ഫോറം സംസ്ഥാന പ്രസിഡന്റ് കെ എം വർഗീസ്. മൂല്യാധിഷ്ഠിതമല്ലാത്ത വിദ്യാഭ്യാസ സമ്പ്രദായമാണ് മനുഷ്യനേയും മതങ്ങളേയും പ്രത്യയ ശാസ്ത്രങ്ങളേയും പരാജയപ്പെടുത്തുന്നതെന്നും കോലഞ്ചേരി ഗവ.എൽ പി സ്കൂൾ ഹാളിൽ വച്ച് ഫോറം സംഘടിപ്പിച്ച മാനവിയം സാംസ്കാരിക കൂട്ടായ്മ ഉദ്ഘാടനം ചെയ്തു കൊണ്ട് അദ്ദേഹം പറഞ്ഞു. ജില്ലാ പ്രസിഡന്റ് ഡോ എമ്മാനുവെൽ അബ്രഹാം അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ മാധ്യമ പ്രവർത്തകരായ എം വി ശശിധരൻ, ബാബു പി ഗോപാൽ, ദീപു മാത്യു, കെ എ ഫൈസൽ, പൗലോസ് എം.എം പ്രദീപ് അബ്രഹാം എന്നിവരെ ആദരിച്ചു.



സോഷ്യൽ ജസ്റ്റിസ് ഫോറം കോലഞ്ചേരിയിൽ സംഘടിപ്പിച്ച ' മാനവിയം സാംസ്കാരിക കൂട്ടായ്മ സംസ്ഥാന പ്രസിഡന്റ് കെ എം വർഗീസ് ഉദ്ഘാടനം ചെയ്യുന്നു.

പ്രതിഭാസംഗമം കുഞ്ഞിളം കയ്യിൽ സമ്മാനം ഗ്രാമ പഞ്ചായത്ത് മെമ്പർ സംഗീത ഷൈനും കലാപ്രതിഭകൾക്കുള്ള ഉപഹാരങ്ങൾ കോലഞ്ചേരി പ്രസ്സ് ക്ലബ് പ്രസിഡന്റ് പ്രദീപ് അബ്രഹാമും വിതരണം ചെയ്തു.

സംസ്ഥാന കമ്മിറ്റി അംഗം ഡോ ജോസഫ് കോലഞ്ചേരിൽ ഗുരുവന്ദനം നടത്തി.സംസ്ഥാന കമ്മിറ്റി അംഗം വിനോദ് തൂമ്പുങ്കൽ മാതാപിതാക്കന്മാരെ ആദരിച്ചു.പി യു ഗീതു, റ്റി വൈ ജോയി,എം കെ സൂരജ്, ജോസ്മി അലക്സ്, വിപിൻ ചാക്കോ, അശ്വതി എൻ ആർ, രേഷ്മ മോഹൻ, സൂര്യ വിജയൻ, രേഷ്മ അനിൽ തുടങ്ങിയവർ സംസാരിച്ചു.സ്കൂൾ ഹെഡ്മിസ്ട്രസ് റൂബി പോൾ സ്വാഗതവും ജില്ലാ കമ്മിറ്റി അംഗം എൻ ജി സജിത്ത് കൃതജ്ഞതയും രേഖപ്പെടുത്തി.

# നിരവധി സേവന പദ്ധതികളുമായി ലയൺസ് ക്ലബ്

**കിഴക്കമ്പലം:** പുക്കാട്ടുപടി ലയൺസ് ക്ലബ് സംഘടിപ്പിക്കുന്ന മെഗാ പ്രജക്റ്റ് ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ ഉദ്ഘാടനം നിർവ്വഹിക്കും. ഇതോടൊപ്പം ഒളിമ്പ്യൻ പി.ആർ രാജേഷിനും സ്വീകരണം നൽകും സിനി ആർട്ടിസ്റ്റ് ടി നി ടോം ഹൗസിങ്ങ് പ്രെജക്ടിന്റെ ഉദ്ഘാടനം നിർവ്വഹിക്കും.

മെഡിക്കൽ ക്യാമ്പുകളുടെ ഉദ്ഘാടനം ഡോ ബിന രവികുമാർ നിർവൃഹിക്കും. മെഡിക്കൽ ക്യാമ്പിൽ നേത്ര വിഭാഗം മുതൽ ഡയബറ്റോള വരെ എല്ലാം അലോപ്പതി വിഭാഗങ്ങളുടെ സൗജന്യ ചികിൽസ സൗജന്യമായി ലഭിക്കും അതോടൊപ്പം നിരവധി സേവന പദ്ധതികൾ വേറേയും ഭവന നിർമ്മാണം മുതൽ വൃക്ഷ തൈകൾ വരെ 10 ത്തോളം സേവന പദ്ധതികൾക്ക് തുടക്കം കുറിക്കും.

ഇന്ന് വൈകുനേരം 4 മണിക്ക് പുക്കാട്ടി പടിയിൽ നിന്ന് സാംസ്ക്കാരിക ഘോഷയാത്ര ആരംഭിക്കും വൈകുന്നേരം 5 മണിയോടെ ആശാൻ പടിലയൺസ് നഗറിൽ സമാപന സമ്മേളനം നടക്കും സമ്മേളന ഉദ്ഘാടനം ലയൺസ് ഡിസ്ട്രിക്റ്റ് ഗവർണർ രാജൻ നമ്പൂതിരി നിർവ്വഹിക്കും ഇതുവരെ ക്യാമ്പിൽ 1000 ത്തോളം പേർ രജിസ്റ്റർ ചെയ്തതായി ഭാരവാഹികൾ പത്രസമ്മേനത്തിൽ അറിയിച്ചു.

# എസ്.എ.ടി. ആശുപത്രിയിൽ ഫീറ്റൽ മെഡിസിൻ വിഭാഗം

**തിരുവനന്തപുരം:** സംസ്ഥാനത്ത് ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജ് എസ്.എ.ടി. ആശുപത്രിയിൽ ഫീറ്റൽ മെഡിസിൻ വിഭാഗം ആരംഭിക്കുന്നതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ആരോഗ്യ വകുപ്പ് ഇതുസംബന്ധിച്ച് ഉത്തരവിട്ടു. എസ്.എ.ടി. ആശുപത്രിയുടേയും സിഡിസിയുടേയും സംയുക്ത സംരംഭമായാണ് ഈ വിഭാഗം പ്രവർത്തിക്കുക. ഈ നൂതന ചികിത്സയിലൂടെ ഗർഭാവസ്ഥയിൽ തന്നെ കുഞ്ഞുങ്ങളുടെ ബുദ്ധിമുട്ടുകളും വൈകല്യങ്ങളും കണ്ടുപിടിച്ച് ചികിത്സിക്കുന്നതിനും ആരോഗ്യം ഉറപ്പ് വരുത്തുന്നതിനും നവജാത ശിശുക്കളുടെ മരണം കുറയ്ക്കുന്നതിനും സാധിക്കുന്നു. സ്വകാര്യ മേഖലയിൽ വളരെയധികം ചിലവുള്ള ഈ ചികിത്സ സർക്കാർ പദ്ധതികളിലൂടെ സൗജന്യമായാണ് നൽകുന്നത്. നവജാത ശിശുക്കളുടെ ആരോഗ്യം ഉറപ്പാക്കുന്നതിൽ ഈ വിഭാഗത്തിന് വളരെ പങ്കുവഹിക്കാനാകുമെന്നും മന്ത്രി വ്യക്തമാക്കി.

ഇന്ത്യയിൽ സർക്കാർ മേഖലയിൽ എയിംസിന് ശേഷം രണ്ടാമതായാണ് എസ്.എ.ടി. ആശുപത്രിയിൽ ഫീറ്റൽ മെഡിസിൻ വിഭാഗം സ്ഥാപിക്കുന്നത്. ഗർഭത്തിലുള്ള കുഞ്ഞിനെ ബാധിക്കുന്ന രോഗങ്ങളെയും അവസ്ഥകളെയും പറ്റി പഠിക്കുന്ന ശാസ്ത്ര ശാഖയാണ് ഫീറ്റൽ മെഡിസിൻ. ഒബ്സ്റ്റട്രീഷ്യൻമാർ, പീഡിയാട്രിഷ്യൻമാർ, ജനിറ്റിക്സ് വിദഗ്ധർ, ഫീറ്റൽ മെഡിസിൻ സ്പെഷ്യലിസ്റ്റുകൾ എന്നിവരുൾപ്പെടുന്ന ഒരു മൾട്ടിഡിസിപ്ലിനറി ടീം ഉൾപ്പെടെയുള്ള വരാണ് ഈ വിഭാഗത്തിലുണ്ടാകുക.

അത്യാധുനിക ഫീറ്റൽ മെഡിസിൻ സാങ്കേതികവിദ്യകളിലൂടെ സങ്കീർണമായ അവസ്ഥകളുള്ള കുഞ്ഞുങ്ങളെ പോലും രക്ഷിച്ചെടുക്കാനാകും. ജന്മവൈകല്യങ്ങൾ, ജനിതക രോഗങ്ങൾ, മറ്റ് ഭ്രൂണ പ്രശ്നങ്ങൾ എന്നിവ തിരിച്ചറിയുകയും കൈകാര്യം ചെയ്യുകയും ചെയ്യുന്ന പ്രീനേറ്റൽ ഡയഗ്നോസിസ്, ഗർഭധാരണത്തിലുടനീളം ഭ്രൂണ വളർച്ച, വികസനം എന്നിവ നിരീക്ഷിക്കുന്ന ഫീറ്റൽ സർവൈലൻസ്, രക്തദാനം, ശസ്ത്രക്രിയ എന്നിവ പോലുള്ള ഭ്രൂണ അവസ്ഥകൾക്ക് ഇടപെടൽ നൽകുന്ന ഫീറ്റൽ തെറാപ്പി, ഭ്രൂണ വൈകല്യങ്ങളോ സങ്കീർണതകളോ ബാധിക്കുന്ന രക്ഷിതാക്കൾക്കും കുടുംബങ്ങൾക്കും മാർഗദർശനവും പിന്തുണയും നൽകുന്ന കൗൺസലിംഗ് & സപ്പോർട്ട് എന്നിവ ഈ വിഭാഗത്തിലുണ്ടാകും. ഒബ്സ്റ്റട്രിക്സ് ആന്റ് ഗൈനക്കോളജി വിഭാഗത്തിലെ ഡോ. പിയോ ജെയിംസ് ഫീറ്റൽ മെഡിസിൻ വിഭാഗത്തിന്റെ മേധാവിയായി പ്രവർത്തിക്കും.

# സമന്വയം പദ്ധതിക്ക് തുടക്കമായി

**തിരുവനന്തപുരം:** സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ, കേരള നോളജ് ഇക്കോണമി മിഷനുമായി ചേർന്ന് നടപ്പാക്കുന്ന 'സമന്വയം' ന്യൂനപക്ഷ യുവജനങ്ങൾക്ക് ഒരു ലക്ഷം തൊഴിലവസരങ്ങൾപദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം വിഴിഞ്ഞം ബി.ആർ ഓഡിറ്റോറിയത്തിൽ പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി വി. ശിവൻകുട്ടി നിർവഹിച്ചു.

ന്യൂനപക്ഷ സമുദായങ്ങളുടെ ഉന്നമനവും ശാക്തീകരണവും ലക്ഷ്യമിട്ടുള്ള 'ന്യൂനപക്ഷ യുവാക്കൾക്ക് ഒരു ലക്ഷം തൊഴിലവസരങ്ങൾ' പദ്ധതി സമൂഹത്തിൽ എല്ലാവരെയും ഉൾക്കൊള്ളുന്ന, വളർച്ചയും വികസനവും ഉറപ്പാക്കുന്നതിനുള്ള, നിർണായക ചുവടുവെപ്പാണെന്ന് മന്ത്രി പറഞ്ഞു. വിദ്യാസമ്പന്നരായ യുവാക്കൾക്കും യുവതികൾക്കും, സർക്കാരിതര മേഖലകളിലെ തൊഴിലുടമകൾക്കും ഇടയിലുള്ള വിടവ് നികത്താൻ ഇത്തരം പദ്ധതികൾ സഹായകരമാണെന്നും യുവജനങ്ങൾക്ക് വൈവിധ്യമാർന്ന തൊഴിൽ പാതകൾ തിരഞ്ഞെടുക്കാൻ ഇതുവഴി കഴിയുമെന്നും മന്ത്രി വ്യക്തമാക്കി.

സമന്വയം പദ്ധതിയിലൂടെ തൊഴിൽ ആവശ്യങ്ങൾ പരിഹരിക്കുക മാത്രമല്ല ന്യൂനപക്ഷ സമുദായങ്ങളുടെ സാമൂഹികസാമ്പത്തിക ശാക്തീകരണത്തിന് സംഭാവന നൽകുന്നതായും മന്ത്രി പറഞ്ഞു. പശ്ചാത്തലമോ സമൂഹമോ പരിഗണിക്കാതെ എല്ലാവർക്കും അവസരങ്ങൾ ലഭ്യമാകുന്ന, സാഹചര്യം ഉറപ്പാക്കാൻ ശ്രമിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

കമ്മീഷൻ ചെയർമാൻ അഡ്വ. എ.എ റഷീദ് അധ്യക്ഷനായിരുന്നു. ഡിസംബർ മാസത്തിനുള്ളിൽ ഒരു ലക്ഷം അഭ്യസ്തവിദ്യരെ തൊഴിൽ രംഗത്തെത്തിക്കുകയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നതെന്ന് അദ്ദേഹം പറഞ്ഞു.

എം.വിൻസെന്റ് എം.എൽ.എ മുഖ്യാതിഥിയായിരുന്നു. കേരള നോളജ് ഇക്കോണമി മിഷൻ ഡയറക്ടർ ഡോ. പി.എസ് ശ്രീകല മുഖ്യപ്രഭാഷണം നടത്തി.

തൊഴിൽ രഹിതരായ അഭ്യസ്തവിദ്യർക്ക് വൈജ്ഞാനിക തൊഴിൽ പരിചയവും നൈപുണ്യ പരിശീലനവും നൽകുകയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സംസ്ഥാനത്തെ ന്യൂനപക്ഷങ്ങളായ ക്രിസ്ത്യൻ, മുസ്ലീം വിഭാഗങ്ങളിലെയും സൂക്ഷ്മ ന്യൂനപക്ഷങ്ങളായ ബുദ്ധ, ജൈന, സിഖ്, പാഴ്സി വിഭാഗങ്ങളിലെയും തൊഴിൽ രഹിതരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. വിഴിഞ്ഞം, കോവളം പ്രദേശങ്ങളിൽ നിന്നായി 850 ഉദ്യോഗാർത്ഥികൾ പദ്ധതിയിൽ പേർ രജിസ്റ്റർ ചെയ്തു.

കമ്മീഷൻ അംഗങ്ങളായ പി. റോസ, എ. സൈഫുദ്ദീൻ ഹാജി, കൗൺസിലർമാരായ പനിയടിമ, സമീറ എസ് മിഹ്ദാദ്, നിസാമുദ്ദീൻ എം, സംഘടക സമിതി ചെയർമാൻ എ.ആർ അബൂസാലി, കൺവീനർ എസ്. ആന്റണി എന്നിവരും പങ്കെടുത്തു.

# അങ്കണവാടി വർക്കർ അപേക്ഷ ക്ഷണിച്ചു

**കൊച്ചി :** വാഴക്കുളം അഡീഷണൽ ഐ.സി.ഡി.എസ് പ്രോജക്ടിന്റെ പരിധിയിലുള്ള അങ്കണവാടികളിൽ ചൂർണ്ണിക്കര പഞ്ചായത്തിലെ അങ്കണവാടി വർക്കർമാരുടെ ഭാവിയിൽ ഉണ്ടായേക്കാവുന്ന ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ചൂർണ്ണിക്കര പഞ്ചായത്തിൽ സ്ഥിര താമസക്കാരാകണം .2024 ജനുവരി ഒന്നിന് 18 വയസ് പൂർത്തിയായവരും 46 വയസ് പൂർത്തിയാകാത്തവരുമായ വനിതകൾക്ക് നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷാ ഫോറത്തിൽ അപേക്ഷിക്കാം. സംവരണ വിഭാഗക്കാർക്ക് നിയമാനുസൃത വയസിളവിന് അർഹതയുണ്ടായിരിക്കും. അപേക്ഷകർ എസ്.എസ്.എൽ.സി. യോ, തത്തുല്ല്യ പരീക്ഷയോ പാസായിരിക്കണം. പുരിപ്പിച്ച അപേക്ഷകൾ നവംബർ മൂന്നിന് വൈകിട്ട് അഞ്ചു വരെ തോട്ടക്കാട്ടുകരയിൽ പ്രവർത്തിക്കുന്ന വാഴക്കുളം അഡീഷണൽ ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസിൽ സ്വീകരിക്കും. അപേക്ഷയുടെ മാതൃക വാഴക്കുളം അഡീഷണൽ ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസ്, ആലുവ മുനിസിപ്പൽ ഓഫീസ് എന്നിവിടങ്ങളിൽ ലഭിക്കും.ഫോൺ 9387162707, 9747474068.

## ജേർണലിസം പഠനം കെൽട്രോണിൽ സ്പോട്ട് അഡ്മിഷൻ

**കൊച്ചി :**കേരള സർക്കാർ സ്ഥാപനമായ കെൽട്രോൺ നടത്തുന്ന പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ അഡ്വാൻസ്ഡ് ജേണലിസത്തിലേക്ക് ഫീസ് ഇളവോടു കൂടിയുള്ള സ്പോട്ട് അഡ്മിഷൻ കോഴിക്കോട് കെൽട്രോൺ നോളജ് സെന്ററിൽ ഒക്ടോബർ 21 ന് നടക്കും. ഏതെങ്കിലും വിഷയത്തിൽ ബിരുദമാണ് യോഗ്യത. പ്രായപരിധി ഇല്ല. നിർദ്ദേശിക്കുന്ന അസൽ രേഖകളും അവയുടെ പകർപ്പുകളുമായി വിദ്യാർഥികൾ രാവിലെ 10 ന് കോഴിക്കോട് കെൽട്രോൺ നോളജ് സെന്ററിൽ എത്തുക. വിദ്യാർത്ഥികൾക്ക് പത്രം, ടെലിവിഷൻ, ഡിജിറ്റൽ മീഡിയ, ആർട്ടിഫിഷ്യൽ ഇന്റലിജിൻസ് എന്നിവയിൽ അധിഷ്ഠിതമായ ജേണലിസം, വാർത്താ അവതരണം, ആങ്കറിങ്, വീഡിയോഗ്രാഫി, വീഡിയോ എഡിറ്റിംഗ് തുടങ്ങിയവയിൽ പരിശീലനം ലഭിക്കും. ഇന്റേൺഷിപ്പ്, മാധ്യമ സ്ഥാപനങ്ങളിൽ പരിശീലനം, പ്ലേസ്മെന്റ് എന്നിവ നിബന്ധനകൾക്ക് വിധേയമായി ലഭിക്കും.ഫോൺ: 9544958182.

## ഇന്റർവ്യൂ

**കൊച്ചി :** ജില്ലാ നാഷണൽ ആയുഷ് മിഷൻ മുഖേന ഭാരതീയ ചികിത്സാ വകുപ്പിലേക്കും ഹോമിയോപ്പതി വകുപ്പിലേക്കുമായി വിവിധ തസ്തികകളിലേക്ക് കരാർ അടിസ്ഥാനത്തിൽ താത്കാലിക നിയമനത്തിനുള്ള അഭിമുഖം നടത്തുന്നു.

തെറാപ്പിസ്റ്റ് (പുരുഷൻ) രണ്ട് ഒഴിവ്. തൊറാപ്പിസ്റ്റ് (സ്ത്രീ) നാല് ഒഴിവ്.

യോഗ്യത കേരള സർക്കാർ നടത്തുന്ന ഒരു വർഷത്തിൽ കുറയാതെയുള്ള ആയുർവേദ തെറാപ്പിസ്റ്റ് കോഴ്സ് (ഡിഎംഇ) പാസായിരിക്കണം. പ്രായം 40 വയസ് കവിയരുത്. ഇന്റർവ്യൂ ഒക്ടോബർ 24ന് രാവിലെ 9.30 ന്.

ലാബ് ടെക്നീഷ്യൻ ഒഴിവ്.

യോഗ്യത ഗവൺമെന്റ് അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്നുള്ള ബി എസ് സി എംഎൽടി/ഡിഎംഎൽടി കോഴ്സ് പാസായിരിക്കണം. പ്രായം 40 വയസ് കവിയരുത്. ഇന്റർവ്യൂ ഒക്ടോബർ 24ന് ഉച്ചയ്ക്ക് 12.30 ന്.

ഉദ്യോഗാർത്ഥികൾ സർട്ടിഫിക്കറ്റുകളുടെ അസലും, കോപ്പിയും സഹിതം എറണാകുളം നാഷണൽ ആയുഷ് മിഷൻ ഓഫീസിൽ നിശ്ചിത സമയത്തിനുള്ളിൽ ഹാജരാകണം. ഫോൺ 04842919133.

## ബിരുദധാരികൾക്ക് അവസരം

**കൊച്ചി :** കേരള സർക്കാർ ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള അസാപ് കേരള ആരംഭിക്കുന്ന ഇലക്ട്രിക്ക് വെഹിക്കിൾ, പവർ ഇലക്ട്രോണിക്സ് മേഖലകളിലെ കോഴ്സുകളിൽ ട്രെയിനർ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു. ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, മെക്കാനിക്കൽ വിഷയങ്ങളിൽ ബി. ടെക്ക് ബിരുദവും പ്രസ്തുത മേഖലയിൽ പ്രവർത്തന പരിചയവുമുള്ള ഉദ്യോഗാർത്ഥികൾക്കാണ് അവസരം. അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി ഒക്ടോബർ 22.കൂടുതൽ വിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കാനും https://asapkerala.gov.in/jobt/rainerineletcricvehicleandpowereletcronicsalliedprogrammes/ എന്ന ലിങ്കിലോ, 9495999620 എന്ന നമ്പറിലോ ബന്ധപ്പെടുക.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി :** വനിതാ ശിശു വികസന വകുപ്പിന് കീഴിലുള്ള കോതമംഗലം (അഡീഷണൽ) ഐ.സി.ഡി.എസ്. പ്രോജക്റ്റ് ഓഫീസിലെ ഉപയോഗത്തിനായി 2024 25 സാമ്പത്തിക വർഷം വാഹനം വാടകയ്ക്ക് എടുക്കുന്നതിന് ടെൻഡറുകൾ ക്ഷണിച്ചു. ടെൻഡർ സ്വീകരിക്കുന്ന അവസാന തിയതി നവംബർ ഒന്നിന് ഉച്ചയ്ക്ക് രണ്ടു വരെ.ഫോൺ 04852828161, 9447830178

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി :** എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നടപ്പിലാക്കുന്ന വിവിധ തൊഴിൽ പദ്ധതികളിലേക്ക് അപേക്ഷ ക്ഷണിച്ചു. പ്രായം 18 65 നും മദ്ധ്യേ. 10 ലക്ഷം രൂപ വരെ പരമാവധി വായ്പ ലഭിക്കുന്ന വിവിധ പദ്ധതികളിന്മേൽ നിയമപ്രകാരമുള്ള സബ്സിഡി ലഭിക്കും. അപേക്ഷ ഫോമുകൾ ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും, www.employment.kerala.gov.in വഴി ഓൺലൈനായും ലഭിക്കും. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഒക്ടോബർ 30. ഫോൺ 0484 2422458.

## കരാർ നിയമനം

**കൊച്ചി :** ജില്ലയിലെ അർദ്ധ സർക്കാർ സ്ഥാപനത്തിൽ എഞ്ചിനീയർ (ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ്) തസ്തികയിലേക്ക് കരാർ അടിസ്ഥാനത്തിൽ ഒഴിവ്.ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗിൽ ബിഇ/ബിടെക്/ബി.എസ്.സി യോഗ്യതയുള്ള 45 വയസിൽ താഴെ പ്രായമുള്ളതും (ഇളവുകൾ അനുവദനീയം) ബോട്ട്/ഷിപ്പ്/ഷിപ്പ് യാർഡ് ഫീൽഡിൽ മൂന്ന് വർഷത്തെ ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് പ്രവൃത്തി പരിചയമുള്ളതുമായ ഉദ്യോഗാർത്ഥികൾ ബന്ധപ്പെട്ട പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ എല്ലാ അസൽ സർട്ടിഫിക്കറ്റുകളും സഹിതം ഒക്ടോബർ 28 ന് മുമ്പായി നേരിട്ട് ഹാജരാകണം..

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി :** പാലക്കാട് ജില്ലയിലെ കൂനത്തറ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ ആരംഭിക്കുന്ന സ്കിൽ ഡെവലപ്പ്മെന്റ് സെന്ററിലെ ഇലക്ട്രിക് വെഹിക്കിൾ സർവ്വീസ് ടെക്നീഷ്യൻ കോഴ്സിലേക്ക് ഇലക്ട്രിക് സ്കൂട്ടറും അനുബന്ധ ലാബ് ഉപകരണങ്ങളും വാങ്ങുന്നതിന് ടെൻഡർ ക്ഷണിച്ചു.ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി ഒക്ടോബർ 28 ഉച്ചയ്ക്ക് ഒന്നു വരെ.ഫോൺ 9447363427, 7012666651.

## കരാർ നിയമനം

**കൊച്ചി :** ജില്ലയിലെ അർദ്ധ സർക്കാർ സ്ഥാപനത്തിൽ ഫ്ളീറ്റ് മാനേജർ (മെയിന്റനൻസ്) തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ ഒഴിവ് .മെക്കാനിക്കൽ/ഇലക്ട്രിക്കൽ/ഇലക്ട്രോണിക്സ് നേവൽ ആർക്കിടെക്ചർ എഞ്ചിനീയറിംഗ് /ഡിഗ്രി/ഡിപ്ലോമയും എംഇഇ ക്ലാസ് /മാസ്റ്റർ സർട്ടിഫിക്കറ്റ് (എഫ് ജി) യോഗ്യതയുമുള്ള 45 വയസിൽ താഴെ പ്രായമുള്ളതും (ഇളവുകൾ അനുവദനീയം), ബോട്ട്/ഷിപ്പ്/ഷിപ്പ് യാർഡ് ഫീൽഡിൽ 12 വർഷത്തെ ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് പ്രവൃത്തി പരിചയമുള്ളവർക്കും അപേക്ഷിക്കാം. ഉദ്യോഗാർത്ഥികൾ ബന്ധപ്പെട്ട പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ എല്ലാ അസൽ സർട്ടിഫിക്കറ്റുകളും സഹിതം ഒക്ടോബർ 28 ന് മുമ്പായി ഹാജരാകണം.



ചാവറ കൾച്ചറൽ സെന്ററും ലളിതാംബിക അന്തർജനം സെന്ററും സംഘടിപ്പിച്ച സ്ത്രീ സാഹിത്യ വേദിയുടെ ഉദ് ഘാടനം മേയർ എം. അനിൽകുമാർ നിർവഹിക്കുന്നു. ഫൗസിയ കളപ്പാട്ട്, ഡോ. മ്യൂസ് മേരി ജോർജ്, എം. കെ. സാനു, തനുജ ഭട്ടതിരി, പരിമളം പവിത്രൻ, ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ് സി. എം. ഐ., തസ്മിൻ എന്നിവർ സമീപം.

# സ്ത്രീകളെ അവഗണിക്കുന്ന സമ്പ്രദായം കേരളത്തിൽ ഇന്നുമുണ്ട്: എം. കെ സാനു

**കൊച്ചി :** ഒരു സ്ത്രീക്കാണ് പലതും കൂടുതൽ ദീർഘവീക്ഷണത്തോട് കൂടി ഇച്ഛാശക്തിയോടുകൂടി ആത്മാഭിമാനത്തോടുകൂടി ചെയ്യാൻ കഴിയുക എന്നത് സംശയരഹിതമായ കാര്യമാണ്. സമത്വമല്ല അതിനേക്കാൾ ഉയർന്ന സ്ഥാനമാണ് സ്ത്രീക്ക് കൊടുക്കേണ്ടത്, സ്ത്രീയുടെ ത്യാഗം അത്രമാത്രം വലുതാണ്, അത് എന്നും തരാൻ തയ്യാറുമാണെന്നതാണ് സത്യം എന്ന് അദ്ദേഹം തുടർന്ന് പറഞ്ഞു. ചാവറ കൾച്ചറൽ സെന്ററും ലളിതാംബിക അന്തർജനം സെന്ററും സംയുക്തമായി സംഘടിപ്പിച്ച സ്ത്രീ സാഹിത്യ വേദിയിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു പ്രൊഫ. എം. കെ. സാനു. കലാ സാംസ്കാരിക സാഹിത്യ വേദികൾക്ക് പൊതു ഇടങ്ങൾ സൃഷ്ടിക്കുകയാണ് ഇന്ന് ചെയ്യുന്നതെന്ന് സ്ത്രീ സാഹിത്യ വേദി ഉദ്ഘാടനം ചെയ്തുകൊണ്ട് കൊച്ചി മേയർ അഡ്വ. എം. അനിൽകുമാർ പറഞ്ഞു. ജി സ്മാരകവും പി ജെ ആന്റണി കേന്ദ്രവും ചങ്ങമ്പുഴ പാർക്കും എം. കെ. അർജുനൻ മാസ്റ്റർ സ്ക്വയറും ഉൾപ്പെടെ പൊതു ഇടങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുകയാണെന്നും അദ്ദേഹം പറഞ്ഞു. ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ് സി. എം. ഐ. അധ്യക്ഷത വഹിച്ചു. സ്ത്രീ, എഴുത്ത്,സമൂഹം, പ്രതിസന്ധി,മുന്നേറ്റം എന്നീ വിഷയങ്ങളിൽ സംസ്ഥാന സർവ വിജ്ഞാന കോശം ഡയറക്ടർ ഡോ. മ്യൂസ് മേരി ജോർജ് പ്രഭാഷണം നടത്തി. ലളിതാംബിക അന്തർജനം സെന്റർ ഡയറക്ടർ തനൂജ ഭട്ടതിരി, തസ്മിൻ ഷിഹാബ്, ദീപ സി. കെ., ഫൗസിയ കളപ്പാട്ട്, മീരബെൻ, സിന്ധു സൂസൻ വർഗീസ്, അഗത കുര്യൻ, സീജ ജിതേഷ്, ഡോ. രേണു, ഇമമാനുവൽ മെറ്റിൽസ്, ജയലക്ഷ്മി ശ്രീനിവാസൻ, ജിഷ കെ റാം, പരിമിള പവിത്രൻ തുടങ്ങിയവർ പ്രസംഗിച്ചു. ലളിതാംബിക അന്തർജനം സ്ത്രീ സാഹിത്യ വേദിയുടെ തുടർ ചർച്ചകളും പുസ്തകപ്രകാശന പരിപാടികളും ചാവറ കൾച്ചറൽ സെന്ററിന്റെ സഹകരണത്തോടെ നടത്തുവാനും തീരുമാനിച്ചു.

# പൊതുവിടങ്ങൾ കൂടുതൽ ഭിന്നശേഷി സൗഹൃദം ആക്കാൻ ജില്ലാ ഭരണകൂടം പ്രതിജ്ഞാബദ്ധമെന്ന് കളക്ടർ

**കൊച്ചി :** ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി എറണാകുളത്ത് പ്രവർത്തനം ആരംഭിച്ച് കഴിഞ്ഞ 12 വർഷമായി ഏർലി ഇന്റെർവെൻഷൻ ചികിത്സയിലൂടെ നിരവധി കുഞ്ഞുങ്ങളെ സ്വയം പര്യാപ്തരാക്കിയ കേരളത്തിലെ മികച്ച പീഡിയാട്രിക് റീഹാബിലിറ്റേഷൻ സെന്ററുകളിലൊന്നായ അൽഫ പീഡിയാട്രിക് റീഹാബിലിറ്റേഷൻ സെന്റർ, അന്താരാഷ്ട്ര സെറിബ്രൽ പാൾസി ദിനാചരണത്തിന്റെ ഭാഗമായി സ്പർശ്2024 എന്ന പേരിൽ പ്രൊഫഷനലുകൾക്കായി സംഘടിപ്പിച്ച ദ്വിദിന വർക്ക്ഷോപ്പിൽ സംസാരിക്കുകയായിരുന്നു കളക്ടർ ശ്രീ ഉമേഷ്.



പത്തടിപ്പാലം പിഡബ്ല്യുഓഡിറ്റോറിയത്തിൽ വെച്ച് നടത്തിയ പരിപാടിയിൽ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സെറിബ്രൽ പാൽസി അവസ്ഥയിലുള്ള സ്വന്തമായി വീടില്ലാത്ത ഒരു കുഞ്ഞിന് വീട് വച്ചു നൽകാനുള്ള ഫ്രണ്ട്സ് ഓഫ് അല്ഫയുടെ ധനസഹായ പ്രോജക്ടായ സ്നേഹവീടിനു ജില്ലാ കളക്ടർ ശ്രീ ഉമേഷ് തുടക്കമിട്ടു.

കഴിഞ്ഞ 12 വർഷം കൊണ്ട് 6000ലധികം കുഞ്ഞുങ്ങൾക്ക് പുനരധിവാസ ചികിത്സകൾ നൽകുകയും അതിൽ 300ൽ പരം കുട്ടികളെ സ്വന്തം കാലുകളിൽ നടത്തിക്കുവാനും, കുട്ടികളുടെ സംസാരശേഷി വീണ്ടെടുക്കാനും , കുട്ടികളെ സാധാരണ സ്കൂളുകളിൽ അയയ്ക്കുവാനും അൽഫയ്ക്ക് സാധിച്ചത് ഈ മേഖലയിലെ വലിയ നേട്ടമാണെന്ന് കളക്ടർ ഉദ്ഘാടനപ്രസംഗത്തിൽ പറഞ്ഞു. ഒരുപാട് സഹനവും ക്ഷമയും, പ്രാവീണ്യവും വേണ്ട ഈ ചികിത്സാ മേഖലയിലേയ്ക്ക് കൂടുതൽ പ്രൊഫഷണലുകൾ കടന്ന് വരേണ്ടതുണ്ടെന്നും, സ്പർശ് പോലെയുള്ള അവർക്ക് വേണ്ട മികച്ച പരിശീലനങ്ങൾ നടക്കേണ്ടണ്ടതിന്റെ ആവശ്യകതയും അദ്ദേഹം ചൂണ്ടിക്കാട്ടി.

കളമശ്ശേരി മുനിസിപ്പൽ ചെയർപേഴ്സൺ ശ്രീമതി സീമ കണ്ണൻ ചടങ്ങിൽ അദ്ധ്യത വഹിക്കുകയും ഭിന്നശേഷി ഉള്ള കുഞ്ഞുങ്ങളുടെ അമ്മമാർ അനുഭവിക്കുന്ന വെല്ലുവിളികളും വിവേചനവും പ്രമേയമാക്കിയ ബ്രേക്കിങ് ദ ബാരിയർ' എന്ന ഷോർട്ട് ഫിലിം റിലീസ് ചെയ്യുകയും ചെയ്തു.

ചടങ്ങിൽ അൽഫ ചാരിറ്റബിൾ ട്രസ്റ്റ് ഫൗണ്ടർ അനസ് കബീർ, അൽഫ പീഡിയാട്രിക് റിഹാബിലിറ്റേഷൻ സെന്റർ ഡയറക്ടർ ശ്രീമതി ഷാനി അനസ്, ഡോ തോമസ് അബ്രഹാം എന്നിവർ സംസാരിച്ചു.

എയിം ചൈൽഡ് ഡെവലപ്പ്മെന്റ് സെന്റർ , കോയമ്പത്തൂർ ഡയറക്ടറും പീഡിയാഡ്രിക് ഫിസിയോതെറാപ്പി വിദദ്ധനുമായ സെന്തിൽ കുമാർ ആണ് റീഹാബിലിറ്റേഷൻ പ്രൊഫഷനലുകൾക്കായുള്ള ദ്വിദിന വർക്ക്ഷോപ്പ് നയിക്കുന്നത്.



കൊച്ചിൻ ചേംബർ ഓഫ് കോമേഴ്സ് ആന്റ് ഇൻഡസ്ട്രി ഒൻപതാമത് വാർഷിക ഡോ. എ പി ജെ അബ്ദുൽ കലാം സ്മാരക പ്രഭാഷണം വി എസ് സി മുൻ ഡെപ്യൂട്ടി ഡയറക്ടർ സി ബി കർത്ത ഉദ്ഘാടനം ചെയ്യുന്നു. പി എസ് മേനോൻ, സി എസ് കർത്ത, സ്മിത എസ്, വിനോദിനി സുകുമാർ, രാജലക്ഷ്മി, എസ് പി കാമത്ത്, മുരളീധരൻ തൊയ്ക്കാട്ട്, രഘു ജയറാം, പ്രകാശ് അയ്യർ, ഗണപതി കെ ഡി എന്നിവർ സമീപം

# ഡോ. എ പി ജെ അബ്ദുൽ കലാം സ്മാരക പ്രഭാഷണം നടത്തി

**കൊച്ചി:** കൊച്ചിൻ ചേംബർ ഓഫ് കോമേഴ്സ് ആന്റ് ഇൻഡസ്ട്രി ഒൻപതാമത് വാർഷിക ഡോ. എ പി ജെ അബ്ദുൽ കലാം സ്മാരക പ്രഭാഷണം നടത്തി. വി എസ് സി മുൻ ഡെപ്യൂട്ടി ഡയറക്ടർ സി ബി കർത്ത ഉദ്ഘാടനം ചെയ്തു. ഡോ. എ പി ജെ അബ്ദുൽ കലാമിനോടൊപ്പം പ്രവർത്തിച്ചപ്പോഴുള്ള ഓർമകൾ പങ്കുവെച്ച അദ്ദേഹം മനുഷ്യ ബഹിരാകാശ ദൗത്യത്തിലെ വെല്ലുവിളികൾ എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി.

കൊച്ചിൻ ചേംബർ പ്രസിഡന്റ് എസ് പി കാമത്ത് സ്വാഗതവും ചേംബർ വൈസ് പ്രസിഡന്റ് വിനോദിനി സുകുമാർ നന്ദിയും പറഞ്ഞു. ചേംബർ നിർവാഹക സമിതിയംഗം പ്രകാശ് അയ്യർ പ്രസംഗിച്ചു.



എറണാകുളം വൈ.എം.സി.എയുടെയും പ്രീമിയർചെസ്സ് അക്കാഡമിയുടെയും എം.ബി.എം സംസ്ഥാന ചെസ്സ് അക്കാഡമിയുടെയും സംയുകതാഭിമുഖ്യത്തിൽ സംഘടിപ്പിച്ച സീനിയർ ചെസ്സ് വൈ.എം.സി.എ പ്രസിഡന്റ് ഡോ. ടെറി തോമസ് ഉദ്ഘാടനം ചെയ്യുന്നു.

# സംസ്ഥാന സീനിയർ ചെസ്സ്

**കൊച്ചി:** എറണാകുളം വൈ.എം.സി.എയുടെയും പ്രീമിയർ ചെസ്സ് അക്കാഡമിയുടെയും എം.ബി.എം ചെസ്സ് അക്കാഡമിയുടെയും സംയുകതാഭിമുഖ്യത്തിൽ സംസ്ഥാന സീനിയർ ചെസ്സ് എറണാകുളം വൈ.എം.സി.എയിൽ വെച്ച് നടത്തപ്പെട്ടു. വൈ.എം.സി.എ പ്രസിഡന്റ് ഡോ. ടെറി തോമസ് എടത്തൊട്ടി ഉദ്ഘാടനം ചെയ്തു. ഡോ. ബിജിത് ജോർജ് എബ്രഹാം അധ്യക്ഷത വഹിച്ചു. രഞ്ജിത്ത് ബാലകൃഷ്ണൻ, ഡയറക്ടർ,പ്രീമിയർ ചെസ്സ് അക്കാഡമി മുഖ്യാഥിതിയായിരുന്നു. എം.ബി. മുരളീധരൻ, ആൻറ്റോ ജോസഫ് ജനറൽ സെക്രട്ടറി, സജി എബ്രഹാം, ജെറി വിൽസൺ എന്നിവർ സംസാരിച്ചു. കേരളത്തിൽ ആദ്യമായിട്ടാണ് 50 വയസിന് മുകളിൽ ഉള്ളവർക്ക് ഈ ചെസ്സ് മത്സരം സഘടിപ്പിക്കുന്നത്. തൃശൂർ ജില്ലയിലെ ജോയ് ലാസർ.എം.എ ഒന്നാം സ്ഥാനവും, അതേ ജില്ലയിലെ തന്നെ രാജു.ഓ.എ രണ്ടാം സ്ഥാനവും, കോഴിക്കോടിലെ അനിൽ കുമാർ.ഓ.റ്റി മൂന്നാം സ്ഥാനവും ലഭിച്ചു. സ്ത്രീകളുടെ വിഭാഗത്തിൽ സുസ്മ വത്സൻ, കണ്ണൂർ ഒന്നാം സ്ഥാനവും, ഗീത കുമാരി. കെ.എസ് . എറണാകുളം രണ്ടാം സ്ഥാനവും ലഭിച്ചു. വെറ്ററൻസ് 60 വയസിന് മുകളിലുള്ള വിഭാഗത്തിൽ ജിബി കല്ലിങ്കൽപാഠം എറണാകുളം ഒന്നാം സ്ഥാനവും, കെ.ഹരിദാസ് കൊല്ലം രണ്ടാം സ്ഥാനവും എം.ബി. മുരളീധരൻ എറണാകുളം മൂന്നാം സ്ഥാനവും ലഭിച്ചു. 80 വയസുള്ള എറണാകുളത്തിന്റെ ലക്ഷ്മണൻ. കെ.യാണ് മത്സരത്തിലെ ഏറ്റവും പ്രായം കൂടിയ കളിക്കാരൻ.



കലൂർ ഐ.എം.എ ഹൗസിൽ ഇന്ത്യൻ സൊസൈറ്റി ഓഫ് അനസ്തേഷ്യോളജിസ്റ്റ് (ഐഎസ്എ) കേരള ചാപ്റ്ററിന്റെ 48ാമത് സംസ്ഥാന സമ്മേളനം 'ഇസാകോൺ കേരള 2024' ഹൈക്കോടതി ജഡ്ജി ദേവൻ രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു. ഡോ. പോൾ. ഒ. റാഫേൽ, ഡോ.ബിനിൽ ഐസക് മാത്യു, ഡോ. സി.ആർ സെൻ, ഡോ.വെങ്കട് ഗിരി, ഡോ. കെ.ആർ ഷാജി, ഡോ. എം. ആരിഫ് തസ്ലീം, ഡോ.എസ്.എം സുരേഷ്, ഡോ. മോഹനൻ കുന്നുമ്മൽ എന്നിവർ സമീപം.




കലൂർ ഐ.എം.എ ഹൗസിൽ ഇന്ത്യൻ സൊസൈറ്റി ഓഫ് അനസ്തേഷ്യോളജിസ്റ്റ് (ഐഎസ്എ) കേരള ചാപ്റ്ററിന്റെ 48ാമത് സംസ്ഥാന സമ്മേളനം 'ഇസാകോൺ കേരള 2024' ഹൈക്കോടതി ജഡ്ജി ദേവൻ രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു. ഡോ. കെ.ആർ ഷാജി, ഡോ.വെങ്കട് ഗിരി, ഡോ. പോൾ. ഒ. റാഫേൽ, ഡോ.ബിനിൽ ഐസക് മാത്യു, ഡോ. സി.ആർ സെൻ, ഡോ. മോഹനൻ കുന്നുമ്മൽ,ഡോ. എം. ആരിഫ് തസ്ലീം, ഡോ.എസ്.എം സുരേഷ്, എന്നിവർ സമീപം.

# ഇസാകോൺ കേരള 2024 സമാപിച്ചു

**കൊച്ചി :** ആധുനിക ചികിത്സാ സമ്പ്രദായത്തിൽ ഒഴിച്ചുകൂടാനാവാത്ത മെഡിക്കൽ സ്പെഷ്യാലിറ്റിയാണ് വിഭാഗമാണ് അനസ്തേഷ്യയെന്ന് ഹൈക്കോടതി ജഡ്ജി ദേവൻ രാമചന്ദ്രൻ പറഞ്ഞു. ശസ്ത്രക്രിയ, വേദന നിയന്ത്രണം, പാലിയേറ്റീവ് കെയർ എന്നിവയുടെ നിലനിൽപ്പ് തന്നെ അനസ്തേഷ്യ ഡോക്ടർമാരെ ആശ്രയിച്ചാണ്. അനസ്തേഷ്യോളജി ഡോക്ടർമാരുടെ സംഘടനയായ ഇന്ത്യൻ സൊസൈറ്റി ഓഫ് അനസ്തേഷ്യോളജിസ്റ്റ് (ഐഎസ്എ) കേരള ചാപ്റ്ററിന്റെ 48ാമത് സംസ്ഥാന സമാപന സമ്മേളനം ഇസാകോൺ കേരള 2024 കലൂർ ഐ.എം.എ ഹൗസിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു ആദ്ദേഹം.

കേരളത്തിലെ പാലിയേറ്റീവ് കെയർ രംഗത്തെ വളർച്ച അനസ്തേഷ്യ ഡോക്ടർമാരുടെ സേവന മികവിന്റെ സൂചനയാണെന്ന് കേരള ആരോഗ്യ സർവ്വകലാശാല വൈസ് ചാൻസിലർ ഡോ. മോഹനൻ കുന്നുമ്മൽ അഭിപ്രായപ്പെട്ടു. ഐ.എസ്.എ കേരള പ്രസിഡന്റ് ഡോ. സി.ആർ സെൻ അധ്യക്ഷത വഹിച്ചു. ഇസാകോൺ ഓർഗനൈസിംഗ് കമ്മിറ്റി പ്രസിഡന്റ് ഡോ. കെ.ആർ ഷാജി, സെക്രട്ടറി ഡോ.എസ്.എം സുരേഷ്, ട്രഷറർ ഡോ. എം. ആരിഫ് തസ്ലീം, ഡോ.വെങ്കട് ഗിരി,ഡോ. പോൾ. ഒ. റാഫേൽ, ഡോ.ബിനിൽ ഐസക് മാത്യു, തുടങ്ങിയവർ സമ്മേളനത്തിന് നേതൃത്വം നൽകി.ചടങ്ങിൽ വിവിധ അവാർഡുകളും വിതരണം ചെയ്തു.



## ജനകീയ പ്രതിക്ഷേധം പഴന്തോട്ടം കവലയിൽ

**കോലഞ്ചേരി :** പഴന്തോട്ടം കവലയിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോർ മാറ്റി സ്ഥാപിക്കുവാനുള്ള പഞ്ചായത്ത് ഭരണസമിതിയുടെയും, സംസ്ഥാന സിവിൽ സപ്ലൈയ്സ്കോർപ്പറേഷന്റെയും തെറ്റായ ജനദ്രോഹ തീരുമാനത്തിൽ പ്രതിക്ഷേധിച്ച് ഐയ്ക്കരനാട് മണ്ഡലം കോൺ ഗ്രസ് കമ്മറ്റിയുടെയും, പഴന്തോട്ടം വാർഡ് കോൺഗ്രസ് കമ്മറ്റിയുടെയും സംയുക്ത നേതൃത്വത്തിൽ പഴന്തോട്ടം മാവേലി സ്റ്റോറിനുമുൻപിൽ ജനകീയ പ്രതിക്ഷേധം നടത്തി. ബ്ലോക്ക് കോൺഗ്രസ് പ്രസിഡന്റ് ശ്രീ കെ.വി.എൽദോ ഉത്ഘാടനം ചെയ്തു.മണ്ഡലം പ്രസിഡന്റ് വി.എം. ജോർജ്ജ് അദ്ധ്യക്ഷത വഹിച്ചു. ഉഇഇ ജനറൽ സെക്രട്ടറി എം.പി. രാജൻ മുഖ്യപ്രഭാഷണം നടത്തി. നേതാക്കന്മാരായ എം.എ. വർഗ്ഗീസ്, ബാബു വർഗ്ഗീസ്, ബാബുജോൺ,ജെയിംസ് പാറേക്കാട്ടിൽ, എം.കെ. വേലായുധൻ, കെ.പി.സ്കറിയ. ജോർജ് കെ. ജോൺ , എം.പി. ജോർജ്, വി.വി.രാധാകൃഷ്ണൻ, ടിനോയ്തോമസ്, ഏലിയാസ് പാറപ്പുറം, ആർ.ജെ. പാപ്പച്ചൻ, എൻ.സി. മായ, എലിയാസ് പോൾ . ടി.വി.മത്തായി,തുടങ്ങിയവർ പ്രസംഗിച്ചു.

## ജോസ് മാവേലിക്ക് ആദരവുമായി ഓ.കെ. എസ്. കെ. കരാട്ടെ സ്കൂൾ

**കൊച്ചി :**മലേഷ്യയിൽ വെച്ച് നടന്ന ഓപ്പൺ മാസ്റ്റേഴ്സ് ചാമ്പ്യൻഷിപ്പിൽ മൂന്നു മെഡലുകൾ നേടി ഭാരതത്തിന് അഭിമാനമായ ജോസ്മാവേലിക്ക് ഓ.കെ. എസ്. കെ. കരാട്ടെ സ്കൂളിന്റെ ആദരവ്. ആലുവ സ്റ്റാൻഡേർഡ് പോട്ടറി സ്കൂളിൽ വച്ച് നടന്ന ചടങ്ങിൽ സിനിമാതാരം ടിനി ടോം ഫലകം നൽകിയാണ് ആദരിച്ചത്. ജോസ് മാവേലിയുടെ കായിക ജീവിതം വരും തലമുറയ്ക്ക് ഒരു പാഠപുസ്തകം ആണെന്ന് ടിനി ടോം അഭിപ്രായപ്പെട്ടു. കൃത്യമായ പരിചരണത്തിലൂടെ തന്റെ ശരീരവും അതുവഴി നല്ലമനസ്സും കാത്തുസൂക്ഷിക്കുന്ന 73 കാരനായ ജോസ് മാവേലിക്ക് അന്താരാഷ്ട്ര വെറ്ററൻ കായികമേളയിൽ മൂന്നു മെഡലുകൾ നേടാനായി എന്നത് കുട്ടികൾക്ക് പ്രചോദനമാകട്ടെ എന്ന് അദ്ദേഹം ആശംസിച്ചു.

ഇതിനോടകം നിരവധി ദേശീയ അന്തർദേശീയ മീറ്റുകളിൽ പങ്കെടുത്ത് ജോസ് മാവേലി അനേകം പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്.



92ാമത് ശിവഗിരി തീർത്ഥാടന കമ്മിറ്റി രൂപീകരണ യോഗത്തിൽ ധർമ്മസംഘം ട്രസ്റ്റ് പ്രസിഡൻറ് സച്ചിദാനന്ദ സ്വാമി അധ്യക്ഷപ്രസംഗം നടത്തുന്നു. കെ. എം. ലാജി, സ്വാമി ശുഭാംഗാനന്ദ, സ്വാമി ഋതംഭരാനന്ദ, വി. ജോയി എം.എൽ.എ, സ്വാമി വിരജാനന്ദഗിരി തുടങ്ങിയവർ സമീപം

## ശിവഗിരി തീർത്ഥാടനം ആദ്ധ്യാത്മികതയ്ക്കും ഭൗതികതയ്ക്കും തുല്യപ്രാധാന്യം

**ശിവഗിരി:** ആദ്ധ്യാത്മികതയ്ക്കും ഭൗതികതയ്ക്കും തുല്യപ്രാധാന്യം നൽകുന്ന ശിവഗിരി തീർത്ഥാടനത്തിന് പകരമായി മറ്റൊന്ന് ലോകചരിത്രത്തിൽ കാണാനാവില്ലെന്ന് ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റ് പ്രസിഡൻറ് സച്ചിദാനന്ദ സ്വാമി പറഞ്ഞു. ലോകത്തിൻറെ വിവിധ മേഖലകളിൽ ശ്രദ്ധേയരായ ഭരണാധിപൻമാരും ആത്മീയ പ്രതിഭകളും ശാസ്ത്രജ്ഞൻമാരും സാഹിത്യകാരൻമാരും ഉൾപ്പെടെയുള്ളവർ വേദി പങ്കിടുന്ന തീർത്ഥാടനം ശിവഗിരിയിലെ അറിവിൻറെ തീർത്ഥാടനം മാത്രമാണെന്ന് സ്വാമി പറഞ്ഞു.

92ാമത് ശിവഗിരി തീർത്ഥാടന മഹാമഹത്തിൻറെ ആലോചന യോഗത്തിൽ അധ്യക്ഷപ്രസംഗം നടത്തുകയായിരുന്നു സ്വാമി.

ഗുരുദേവഗാന്ധി സമാഗമ ശതാബ്ദി ഉൾപ്പെടെ ചരിത്രപരമായ വിവിധ സംഭവങ്ങൾ കൂടി ഒത്തുചേരുന്ന വേളയിലാണ് 92ാമത് തീർത്ഥാടനം. ലോകമാകെ ഇവയൊക്കെ ആഘോഷിക്കുകയും ശിവഗിരിയിൽ കേന്ദ്രീകൃത സമ്മേളനങ്ങൾ തീർത്ഥാടന കാലത്ത് ഉണ്ടാവുകയും ചെയ്യുമെന്ന് സച്ചിദാനന്ദ സ്വാമി തുടർന്ന് പറഞ്ഞു. ധർമ്മസംഘം ജനറൽ സെക്രട്ടറി സ്വാമി ശുഭാംഗാനന്ദ, വി. ജോയ് എം.എൽ.എ. തീർത്ഥാടന കമ്മിറ്റി സെക്രട്ടറി സ്വാമി ഋതംഭരാനന്ദ, മുനിസിപ്പൽ ചെയർമാൻ കെ.എം. ലാജി, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് അഡ്വ.സ്മിതാ സുന്ദരേശൻ, മുൻ എം.എൽ.എ. വർക്കല കഹാർ, വർക്കല പോലീസ് എസ്.എച്ച്.ഒ. പ്രവീൺ, തീർത്ഥാടന കമ്മിറ്റി ജോയിൻറ് സെക്രട്ടറി സ്വാമി വിരജാനന്ദഗിരി, ഗുരുധർമ്മ പ്രചരണ സഭാ രജിസ്ട്രാർ കെ.ടി. സുകുമാരൻ തുടങ്ങിയവർ പ്രസംഗിച്ചു. വിവിധ കമ്മറ്റികൾക്കും യോഗം രൂപം നൽകി.

## വടവുകോട് ബ്ലോക്ക് ഞാറ്റുവേല ഇന്നുമുതൽ

**കോലഞ്ചേരി:** കാർഷിക ഫലവൃക്ഷ പ്രചാരക സമിതിയും സൗത്ത്സൺ അഗ്രിക്കൾച്ചറൽ ഫാം മണ്ണുത്തിയും ഹരിത കേന്ദ്രവും സംയുക്തമായി ഒരുക്കുന്ന വടവുകോട് ബ്ലോക്ക് ഞാറ്റുവേല അലങ്കാരപുഷ്പഫലവൃക്ഷ പ്രദർശനവും വിപണനവും ഒക്ടോബർ 21 മുതൽ 30 വരെ വടവുകോട് ബ്ലോക്ക് പഞ്ചായത്ത് ആഫീസ് കോമ്പൗണ്ടിൽ നടക്കും. തിങ്കളാഴ്ച രാവിലെ 11.00 ന് ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് അനു അച്ചുവിന്റെ അധ്യക്ഷതയിൽ നടക്കുന്ന ചടങ്ങിൽ പ്രസിഡന്റ് റസീന പരീത് ഉദ്ഘാടനം നിർവഹിക്കും. ജനപ്രതിനിധികൾ സാമൂഹ്യ സംസ്കാര പ്രവർത്തകർ തുടങ്ങിയവർ പങ്കെടുക്കും. മുന്നൂറിൽപരം വിദേശ സ്വദേശ ഫലവൃക്ഷത്തൈകൾ, പൂച്ചെടികൾ, അത്യുല്പാദനശേഷിയുള്ള പച്ചക്കറി വിത്തുകൾ, തൈകൾ, ജൈവ വളങ്ങൾകീട നാശിനികൾ, അഗ്മാർക് ഹണി, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രദർശനവും, വിപണനവും ഉണ്ടായിരിക്കും. മുൻകൂട്ടി രജിസ്ട്രേഷൻ ചെയ്തിട്ടുള്ളവർക്കായി അടുക്കളത്തോട്ടം നിർമ്മാണം, തേനീച്ച പരിപാലനം, കോഴിവളർത്തൽ പരിശീലനവും, ഹോം കെയർ ഉൽപ്പന്നങ്ങളുടെ നിർമ്മാണ പരിശീലനം, ഊർജ്ജ സംരക്ഷണം ഇവേസ്റ്റ് മാനേജ്മെന്റ് എന്നിവയുടെ ഭാഗമായി എൽഇഡി ബൾബ്, ഇൻവെർട്ടർ ബൾബ്, ക്രിസ്മസ് എൽഇഡി സ്റ്റാർ നിർമ്മാണം, കൂടാതെ ബാത്ത് സോപ്പ്, ലിക്വിഡ് സോപ്പ്, ക്ലീനർ പൗഡർ, ഹാൻഡ് വാഷ് തുടങ്ങി 11 ഉത്പന്നങ്ങളുടെ പരിശീലനവും ഇവിടെ നൽകുന്നു. 100 രൂപ രജിസ്ട്രേഷൻ ഫീസിന് പുറമെ മെറ്റീരിയൽ ആവശ്യമുള്ളവർ അതിനുള്ള പ്രത്യേക ചാർജും അടയ്ക്കേണ്ടതാണ്. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും 9495666571,9562369001 നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണെന്ന് ഫാർമേഴ്സ് അസോസിയേഷൻ പ്രസിഡന്റ് മാത്യു പി.വി., ഫലവൃക്ഷ പ്രചാരക സമിതി സെക്രട്ടറി സതീഷ്കുമാർ പി.വി., ഹരിത കേന്ദ്രം കൺവീനർ സതീഷ് ഭരതൻ എന്നിവർ പത്രസമ്മേളനത്തിൽ അറിയിച്ചു.



# കടലറിവുകൾ തേടി സിഎംഎഫ്ആർഐ ഗവേഷകർക്കൊപ്പം മത്സ്യപ്രേമികളുടെ ഫിഷ് വോക്

**കൊച്ചി:** കടലറിവുകൾ തേടി ഗവേഷകർക്കൊപ്പം മത്സ്യപ്രേമികളുടെ ഫിഷ് വോക്. പൊതുജനങ്ങൾക്കായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) ഒരുക്കിയ ഫിഷ് വോക് മീനുകളെ കുറിച്ചും മറ്റ് കടൽ ജൈവവൈവിധ്യങ്ങളെ കുറിച്ചുമുള്ള അറിവുകൾ പകർന്നു നൽകി.

സിഎംഎഫ്ആർഐയിലെ ഗവേഷക സംഘത്തിനൊപ്പം വിദ്യാർത്ഥികളും പൊതുജനങ്ങളും ആദ്യഘട്ട ഫിഷ് വോകിൽ പങ്കാളികളായി. മുനമ്പം ഫിഷറീസ് ഹാർബറിലേക്കായിരുന്നു സംഘത്തിന്റെ പഠനയാത്ര. കടലിൽ നിന്ന് പിടിച്ചെടുക്കുന്ന മത്സ്യവൈവിധ്യങ്ങളുടെ ലാൻഡിംഗ് നേരിൽകാണാനും അവയുടെ പ്രത്യേകതൾ ശാസ്ത്രജ്ഞരിൽ നിന്ന് മനസ്സിലാക്കാനും ഫിഷ് വോക് അവസരമൊരുക്കി. ഒമ്പത് ട്രോൾ ബോട്ടുകളിൽ നിന്നെത്തിച്ച മത്സ്യയിനങ്ങൾ നിരീക്ഷണവിധേയമാക്കി. പാമ്പാട, കണവ, കൂന്തൽ, തിരിയാൻ, ഉണ്ണിമേരി, കടൽമാക്രി തുടങ്ങിയ ഇനങ്ങളാണ് കൂടുതലായും ഉണ്ടായിരുന്നത്. കൂടാതെ, ഫിഷ് മീൽ വ്യവസായത്തിനായി പോകുന്ന ധാരാളം മറ്റ് മീനുകളുമുണ്ടായിരുന്നു. മത്സ്യബന്ധനരീതികൾ, ഉപയോഗിക്കുന്ന വലകൾ തുടങ്ങി സമുദ്ര ആവാസവ്യവസ്ഥയിൽ കാലാവസ്ഥാവ്യതിയാനത്തിന്റെ സ്വാധീനം ഉൾപ്പെടെ നിരവധി അറിവകൾ സിഎംഎഫ്ആർഐ ശാസ്ത്രജ്ഞർ മത്സ്യപ്രേമികളുമായി പങ്കുവെച്ചു.

രാവിലെ 5.30നാണ് സംഘം പഠനയാത്ര ആരംഭിച്ചത്. ഡോ മിറിയം പോൾ ശ്രീറാം, ഡോ ആർ രതീഷ് കുമാർ, അജു രാജു, ശ്രീകുമാർ കെ എം, സജികുമാർ കെ കെ എന്നിവരടങ്ങുന്ന സിഎംഎഫ്ആർഐയിലെ സംഘം ഫിഷ് വോകിന് നേതൃത്വം നൽകി.

വിവിധ ഘട്ടങ്ങളിലായി നടത്തുന്ന ഫിഷ് വോകിന് പൊതുജനങ്ങളിൽ നിന്ന് മികച്ച പ്രതികരണമാണ് ലഭിച്ചത്.

സ്കൂൾ വിദ്യാർത്ഥികൾ തൊട്ട്, ഡോക്ടർമാർ, കോളേജ് അധ്യാപകർ, പ്രതിരോധ സേന പോലീസ് ഉദ്യോഗസ്ഥർ, സീഫുഡ് മേഖലയിൽ പ്രവർത്തിക്കുന്നവർ തുടങ്ങി നാനാതുറകളിലുള്ളവർ അപേക്ഷകരായുണ്ട്. 70 വയസ്സ് കഴിഞ്ഞവരും അപേക്ഷകരിലുണ്ട്. വിവിധ ഘട്ടങ്ങളിലായി എല്ലാ അപേക്ഷകരെയും ഫിഷ് വോകിന്റെ ഭാഗമാക്കുമെന്ന് കോർഡിനേറ്റർ ഡോ മിറിയം പോൾ ശ്രീറാം പറഞ്ഞു.

അടുത്ത ഫിഷ് വോക് ഒക്ടോബർ 26ന് ചെല്ലാനത്താണ്. ഗവേഷകർക്കായി പ്രത്യേക പഠനയാത്രയും ഉദ്ദേശിക്കുന്നുണ്ട്.

വിവിധ ജില്ലകളിലെ സ്കൂൾ കോളേജ് അധികൃതരും ഫിഷ് വോകിന്റെ ഭാഗമാകാൻ സന്നദ്ധത അറിയിച്ചിട്ടുണ്ട്.

# കൊച്ചിയുടെ സാംസ്കാരിക നയം പൊതുജനങ്ങളിലേക്ക്

**കൊച്ചി :** കൊച്ചി നഗരത്തിന്റെ സമ്പന്നമായ പാരമ്പര്യം ആഘോഷിക്കുന്നതിനോടൊപ്പം നഗരത്തിന്റെ വികസവും മുന്നിൽ കണ്ടുകൊണ്ട് കൊച്ചിക്കായി ഒരു സാംസ്കാരിക നയം തയ്യാറാക്കിയിരിക്കുകയാണ്. കൊച്ചിയുടെ നാനാവിധത്തിലുള്ള ചരിത്ര സാംസ്കാരിക സർഗാത്മക സവിശേഷതകളെ കോർത്തിണക്കിയാണ് സാംസ്കാരിക നയം തയ്യാറാക്കിയിട്ടുള്ളത്. കൊച്ചിയുടെ സാംസ്കാരിക നയരേഖയുടെ കരട് പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കുകയാണ്. പ്രസിദ്ധീകരിച്ച തീയതി മുതൽ ഒരു മാസത്തെ മാസക്കാലം താല്പര്യമുള്ളവർക്കെല്ലാം നയരേഖയുടെ കരടിനെ സംബന്ധിച്ച അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പങ്കുവയ്ക്കാവുന്നതാണ്. പൊതുജനങ്ങളുടെ മൂല്യവത്തായ അഭിപ്രായങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ടായിരിക്കും കൊച്ചിയുടെ സാംസ്കാരിക നയരേഖയുടെ അന്തിമ രൂപം തയ്യാറാക്കുക.പൊതുജനങ്ങൾക്ക് അവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും https://ched.org/culturalpolicyofkochi/ എന്ന വെബ്സൈറ്റ് ലിങ്ക് വഴി രേഖപ്പെടുത്താവുന്നതാണ്.




# മനുഷ്യ ക്കടത്തിനെതിരെ ബോധവൽക്കരണ ജാഥ സംഘടിപ്പിച്ചു

**എരഞ്ഞിപ്പാലം:** സെന്റ് സേവിയേഴ്സ് ആർട്സ് ആൻഡ് സയൻസ് കോളേജിലെ സോഷ്യൽ വർക്ക് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ എരഞ്ഞിപ്പാലം ജംഗ്ഷൻ മുതൽ സിവിൽ സ്റ്റേഷൻ വരെ 'വാക്ക് ഫോർ ഫ്രീഡം' എന്ന പേരിൽ മനുഷ്യ കടത്തിനെതിരെ ബോധവൽക്കരണ ജാഥ നടത്തി. ദി മൂവ്മെന്റ് ഇന്ത്യ എന്ന സന്നദ്ധ സംഘടനയുടെ നേതൃത്വത്തിൽ ഇന്ത്യയിൽ 125 ഓളം കേന്ദ്രങ്ങളിലായി നടത്തപ്പെടുന്ന പ്രസ്തുത ബോധവൽക്കരണ പരിപാടിക്ക് കോഴിക്കോട് വേദിയൊരുക്കിയത് സെന്റ് സേവിയേഴ്സ് കോളേജ് ആണ്. 80 വിദ്യാർഥികളോളം അണിനിരന്ന ഈ പരിപാടി കോളേജ് മാനേജർ ബഹു. ഫാ. പോൾ എ ജെ ഉദ്ഘാടനം ചെയ്തു. കോഴിക്കോട് സിറ്റി അസിസ്റ്റന്റ് കമ്മീഷണർ സുരേഷ് ബാബു അജജ ജാഥയ്ക്ക് പ്രതിജ്ഞ ചൊല്ലി കൊടുക്കുകയും ഫ്ലാഗ് ഓഫ് ചെയ്യുകയും ചെയ്തു. സിവിൽ സ്റ്റേഷനിൽ വച്ച് നടത്തപ്പെട്ട ഫ്ലാഷ് മോബോഡ് കൂടി ചടങ്ങുകൾ അവസാനിച്ചു.




# ഓൾ കേരള സബ് ജൂനിയർ ഓപ്പൺ ബാഡ്മിന്റൺ ടൂർണമെന്റ് സമാപിച്ചു

**കോലഞ്ചേരി :** പ്ലാന്റ് ലിപിഡ്സ് കമ്പനിയും കോലഞ്ചേരി സെന്റ് പീറ്റേഴ്സ് സ്പോർട്സ് സെന്റും സംയുക്തമായി സംഘടിപ്പിച്ച ഓൾ കേരള സബ് ജൂനിയർ ഓപ്പൺ ബാഡ്മിന്റൺ ടൂർണമെന്റ്റ് സമാപിച്ചു. സെന്റ് പീറ്റേഴ്സ് സ്കൂൾ ബോർഡ് ചെയർമാൻ ഫാ. ജേക്കബ് കുര്യന്റെ അധ്യക്ഷതയിൽ സ്കൂൾ മാനേജർ അഡ്വ.മാത്യു പി. പോൾ, ലിപിഡ്സ് ചീഫ് ഫിനാൻഷ്യൽ ഓഫിസർ അനിൽകുമാർ രാധാകൃഷ്ണൻ, സിപിഒ തോമസ് ഡാനിയൽ എന്നിവർ സമ്മാന വിതരണം നടത്തി. വിവിധ കാറ്റഗറികളിൽ വിജയികളായവർ : മുഹമ്മദ് ആദിൽ, ടാൻവി സുഗേഷ്, മുഹമ്മദ് സർഫാസ്, സി.പി. ദക്ഷിണ, അഥർവ് രാജേഷ്, എയ്ഞ്ചലീന എലിസബത്ത് രാജു. ഡബിൾസ് : അഥർവ് രാജേഷ് വിവാൻ ദീപു, എയ്ഞ്ചലീന എലിസബത്ത് രാജു ശ്രിയ രഞ്ജിത്ത്, ജോവിൻ സോജൻ ശബരി പ്രശാന്ത്, മിത്ര സുനിൽ ജമിഷ പി. ജയിൻ, ക്രിഷ് ഇഷാൻ മുഹമ്മദ് ഹയാൻ, ഡെവി കൃഷ്ണ ഇലിയറ്റ് ജോസ്.

# ദിശ 2024 സമാപിച്ചു

**കൊച്ചി:** അഖിലേന്ത്യാ ഭവൻസ് സ്കൂൾഅധ്യാപക സമ്മേളനം ദിശ 2024 സമാപിച്ചു.

ഭവൻസ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ് സെന്ററും ബാംഗ്ലൂർ അസിം പ്രേംജി സർവകലാശാലയും സംയുക്തമായി സംഘടിപ്പിച്ച മൂന്നുദിവസം നീണ്ടുനിന്ന സമ്മേളനത്തിന് കാക്കനാട് ഭവൻസ്ആദർശ വിദ്യാലയമാണ് വേദിയായത്. ചർച്ചകൾ, വിദഗ്ധരുടെ ക്ലാസുകൾ, വർക്ക് ഷോപ്പുകൾ മുതലായവ ഉൾക്കൊള്ളിച്ചുകൊണ്ട് നടത്തിയ സമ്മേളനത്തിൽ ഭാരതത്തിൽ ഉടനീളമുള്ള ഭവൻസ് സ്കൂളുകളിലെ 160 ൽഅധികം അധ്യാപകർ സജീവമായി പങ്കെടുത്തു.




അഖിലേന്ത്യാ ഭവൻസ് സ്കൂൾ അധ്യാപക സമ്മേളനം ദിശ 2024 ന്റെ സമാപനവേദിയിൽ ഭാരതീയ വിദ്യാഭവൻ കൊച്ചി കേന്ദ്ര ഡയറക്ടർ ഇ. രാമൻകുട്ടി മുഖ്യപ്രസംഗം നടത്തുന്നു. വേദിയിൽ ലതാ എസ് , പോളി മേനച്ചേരി, സി.എ ശങ്കരനാരായണൻ, സുരേഷ് കെ, ഇന്ദു എസ്

സമാപനസമ്മേളനത്തിൽ ഭാരതീയ വിദ്യാഭവൻ കൊച്ചി കേന്ദ്ര ഡയറക്ടർ ഇ. രാമൻകുട്ടി മുഖ്യപ്രസംഗം നടത്തി. പഠനത്തിന്റെ ഭാവി രൂപപ്പെടുത്തുന്നതിൽ അധ്യാപകർക്കുള്ള നിർണായകമായപങ്കിനെക്കുറിച്ച് അദ്ദേഹം ഊന്നി പറഞ്ഞു. ഭാരതീയ വിദ്യാഭവൻ കൊച്ചി കേന്ദ്ര ഡെപ്യൂട്ടി ഡയറക്ടർ സുരേഷ് കെ തന്റെ പ്രസംഗത്തിൽ ക്ലാസ് മുറിയിൽ അധ്യാപകർ നൂതനമായ സമീപനങ്ങൾ സ്വീകരിക്കേണ്ടത്തിന്റെആവശ്യകത വ്യക്തമാക്കി. പ്രായോഗികമായ പല ആശയങ്ങളും പകർന്നു നൽകിയ സമ്മേളനത്തെഅഭിനന്ദിച്ചുകൊണ്ട് അധ്യാപക പ്രതിനിധികൾ സംസാരിച്ചു. ശിക്ഷൺ ഭാരതി മുബൈ ജോയിന്റ് ഡയറക്ടർപോളി മേനച്ചേരി സമാപന പ്രസംഗം നടത്തി. ദിശ നൽകിയ പാഠങ്ങൾ അധ്യാപന രംഗത്ത്പ്രായോഗികമാക്കേണ്ടതിന്റെ ആവശ്യകത അദ്ദേഹം ചൂണ്ടിക്കാട്ടി. ഭാരതീയ വിദ്യാഭവൻ കൊച്ചി കേന്ദ്ര സെക്രട്ടറിസി എ ശങ്കരനാരായണൻ മികച്ച പ്രബന്ധങ്ങൾ അവതരിപ്പിച്ച അധ്യാപകർക്കുള്ള അവാർഡുകൾ വിതരണംചെയ്തു. സമ്മേളനത്തിൽ ഭവൻസ് മുൻഷി വിദ്യാശ്രം പ്രിൻസിപ്പൽ ലത എസ് സ്വാഗത പ്രസംഗം നടത്തി.




# സ്കോഡ ഓട്ടോ ഇന്ത്യയുടെ കൈലാഖ് നവംബർ ആറിന് അവതരിപ്പിക്കും

**കോട്ടയം :** ഇന്ത്യൻ കാർവിപണി ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന സ്കോഡ ഓട്ടോ ഇന്ത്യയുടെ ഏറ്റവും പുതിയ കോംപാക്റ്റ് എസ്‌യുവി കൈലാഖ് നവംബർ ആറിന് അവതരിപ്പിക്കും. കൈലാഖിന്റെ ആഗോള അരങ്ങേറ്റമായിരിക്കുമിത്. ഇന്ത്യയിലെ കാർ വിപണിയുടെ 30 ശതമാനത്തോളം വരുന്നതും വളരെ വേഗം വളരുന്നതുമായ സബ് 4 മീറ്റർ വിഭാഗത്തിൽ സ്കോഡയുടെ സ്ഥാനം അടയാളപ്പെടുന്ന വാഹനമാണിത്.

'സ്കോഡ ഇന്ത്യയുടെ ആദ്യത്തെ കോംപാക്റ്റ് എസ്‌യുവിയായ കൈലാഖ് അഭിമാനത്തോടെയാണ് അവതരിപ്പിക്കുന്നത്. മെയ്ക്ക് ഇൻ ഇന്ത്യയോടുള്ള പ്രതിബദ്ധത ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രധാനമായും പ്രാദേശികമായാണ് കൈലാഖ് രൂപകൽപ്പന ചെയ്തത്. മൂല്യത്തിന് പ്രാധാന്യം നൽകുന്ന ഞങ്ങളുടെ ഉപഭോക്താക്കൾ ആഗ്രഹിക്കുന്ന മികച്ച ഫീച്ചറുകൾക്കൊപ്പം ഡ്രൈവിങ് സുഖം, സുരക്ഷ, യാത്രാ സുഖസൗകര്യങ്ങൾ എന്നിവയിലെല്ലാം സ്കോഡയുടെ ജനിതക ഘടനയുണ്ട്. ഇന്ത്യയിലെ ഉപഭോക്താക്കൾ മനസ്സിൽ കാണുന്നത് കൈലാഖിലുണ്ടായിരിക്കും. ഇന്ത്യയിൽ രൂപകൽപ്പന ചെയ്ത് എഞ്ചിനീയറിങ് നടത്തിയ കൈലാഖ് ഇന്ത്യൻ കാർവിപണിയിൽ ഒരു വഴിത്തിരിവാകും,' സ്കോഡ ഓട്ടോ ഫോക്സ്‌വാഗൺ ഇന്ത്യ മാനേജിംഗ് ഡയറക്ടറും സിഇഒയുമായ പിയൂഷ് അറോറ പറഞ്ഞു.

## എയർ ഇന്ത്യയും വെർട്ടെയിൽ ടെക്നോളജീസും പങ്കാളിത്തം പ്രഖ്യാപിച്ചു

**കൊച്ചി :** ന്യൂ ഡിസ്ട്രിബ്യൂഷൻ കാപ്പബിലിറ്റി (എൻഡിസി) സേവന ദാതാക്കളായ വെർട്ടെയിൽ ടെക്നോളജീസ്, എയർ ഇന്ത്യയുമായി പങ്കാളിത്തം പ്രഖ്യാപിച്ചു. ഇതുവഴി വെർട്ടെയിലിന്റെ എൻഡിസി പ്ലാറ്റ്ഫോമായ വെർട്ടെയിൽ ഡയറക്ട് കണക്റ്റിലൂടെ എയർ ഇന്ത്യയുടെ ഓഫറുകളും അനുബന്ധ സേവനങ്ങളും ആക്സസ് ചെയ്യാൻ ട്രാവൽ ഏജന്റുമാർക്ക് സാധിക്കും. പ്ലാറ്റ്ഫോമിന്റെ റീഫണ്ട്, റീഇഷ്യു പ്രോസസ്സിംഗ്, സ്ട്രീംലൈൻഡ് യാത്രാ മാനേജ്മെന്റ്, തടസ്സപ്പെടുത്തൽ അറിയിപ്പുകൾ എന്നിങ്ങനെയുള്ള ഓട്ടോമേറ്റഡ് ഫീച്ചറുകൾ വെർട്ടെയിൽ ഡയറക്ട് കണക്റ്റിൽ ലഭ്യമാണ്.

വെർട്ടെയിൽ ഡയറക്ട് കണക്റ്റിലൂടെ ലോകമെമ്പാടുമുള്ള യാത്രക്കാർക്ക് കൂടുതൽ ചോയ്സുകളും ഷോപ്പിംഗ് അനുഭവവും ആസ്വദിക്കാനാകുമെന്ന് വെർട്ടെയിൽ ടെക്നോളജീസിന്റെ സിഇഒയും സ്ഥാപകനുമായ ജെറിൻ ജോസ് പറഞ്ഞു.

## കെബിസി ഗ്ലോബലിൽ നിക്ഷേപവുമായി പതഞ്ജലി ഫൂഡും ഫാൽക്കൻ പീക്ക് ഫണ്ടും

**കൊച്ചി:** മുൻനിര നിർമാണ കമ്പനിയായ കെബിസി ഗ്ലോബൽ ലിമിറ്റഡിൽ പതഞ്ജലി ഫുഡ് ആൻഡ് ഹെർബൽ പാർക്ക്, ഫാൽക്കൺ പീക്ക് ഫണ്ട് എന്നിവരുൾപ്പെടെയുള്ള നിക്ഷേപകർ 99.50 കോടി രൂപ നിക്ഷേപിക്കും. മുൻഗണനാ ഓഹരി വിൽപ്പനയിലൂടെയാണ് ഈ നിക്ഷേപ സമാഹരണം.

പ്രതി ഓഹരി 2.20 രൂപ നിരക്കിൽ 45.23 കോടി മുൻഗണനാ ഓഹരികൾ ഇഷ്യൂ ചെയ്യാൻ കമ്പനി തീരുമാനിച്ചു. സമാഹരിക്കുന്ന തുക കമ്പനിയുടെ വായ്പാ ആവശ്യങ്ങൾക്കായി വിനിയോഗിക്കും. 26 കോടി ഓഹരികൾ ഫാൽക്കൻ പീക്ക് ഫണ്ടിനായും 4.55 കോടി ഓഹരികൾ പതഞ്ജലി ഫൂഡിനായും നീക്കിവെക്കും.

ഇതോടെ കെബിസി ഗ്ലോബലിൽ ഫാൽക്കൻ പീക്ക് ഫണ്ടിന്റെ ഓഹരി പങ്കാളിത്തം 8.48 ശതമാനവും പതഞ്ജലിയുടെ ഓഹരി പങ്കാളിത്തം 1.48 ശതമാനവും, ഫോർസൈറ്റ് ഹോൾഡിങ് ലിമിറ്റഡിന്റെ ഓഹരി പങ്കാളിത്തം 1.04 ശതമാനവുമാകും.




കേരള മാനേജ്മെന്റ് അസോസിയേഷൻ ലീഡർ ഇൻസൈറ്റ് പരിപാടിയിൽ വിനോദ് തോമസ് സംസാരിക്കുന്നു. മീന തോമസ്, ബിബു പുന്നൂരാൻ, ഡോ. അനിൽ തോമസ് സമീപം

# എൻജിനിയറിംഗ് വിദ്യാർഥികൾ പുതുമകൾ കണ്ടെത്താൻ ശ്രമിക്കണം

**കൊച്ചി:** എൻജിനീയറിംഗ് വിദ്യാർഥികൾക്ക് പുതിയ തലം നൽകുന്നതെന്ന് ഡീപ് ബ്ലൂ റിസർച്ച് ലിമിറ്റഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫിസർ വിനോദ് തോമസ് പറഞ്ഞു. കേരള മാനേജ്മെന്റ് അസോസിയേഷൻ ലീഡർ ഇൻസൈറ്റിൽ എൻജിനിയറിംഗ് വിദ്യാഭ്യാസത്തിൽ പരിഷ്ക്കരണം ആവശ്യമോ എന്ന വിഷയതിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

വിദ്യാഭ്യാസത്തിനായി അയൽ സംസ്ഥാനങ്ങളിലേക്ക് പോകുന്ന വിദ്യാർഥികളെ സംബന്ധിച്ചിടത്തോളം അവർ വൈവിധ്യമാണ് തേടുന്നത്. മികച്ച വിദ്യാഭ്യാസം ലഭിക്കുന്നു എന്നതിനേക്കാൾ സംസ്ക്കാരത്തിലെ വൈവിധ്യമാണ് ഇവരെയെല്ലാം പല ഭാഗങ്ങളിലേക്ക് ക്ഷണിക്കുന്നത്.

പുതിയ തലമുറയിലെ വിദ്യാർഥികൾ പലരും ഇപ്പോൾ ന്യയോർക്കിലോ മറ്റിടങ്ങളിലോ ആണെന്ന പോലെയാണ് ജീവിക്കുന്നത്. അവരിൽ പലരും ഇൻസ്റ്റയിലും അതുപോലുള്ള സാമൂഹ്യമാധ്യമങ്ങളിലുമാണ് ഇത്തരം സാംസ്ക്കാരിക വൈവിധ്യങ്ങളെ കണ്ടെത്തുന്നത്.

പുതിയ കാലത്ത് എൻജിനിയറിംഗ് എന്നാൽ പുതിയ ഗവേഷണങ്ങളും കണ്ടെത്തലുമാണ്. മറ്റൊരു ഫേസ്ബുക്കോ ഇൻസ്റ്റോഗ്രാമോ തുടങ്ങാൻ ശ്രമിച്ചാൽ സാധിക്കുന്ന കാര്യമല്ലെന്നും തങ്ങളുടെ കാഴ്ചപ്പാടിൽ പുതിയ കണ്ടെത്തലുകൾ നടത്തുകയാണ് വേണ്ടതെന്നും അദ്ദേഹം എടുത്തുപറഞ്ഞു.

എൻജിനിയറിംഗ് വിദ്യാഭ്യാസത്തിൽ 1956ൽ നിന്നും 2024ലേക്ക് എത്തിയപ്പോഴും വലിയ മാറ്റങ്ങൾക്കാണ് സാക്ഷ്യം വഹിച്ചത്. കഴിഞ്ഞ മൂന്ന് പതിറ്റാണ്ടുകൾക്കിടയിലാണ് ഏറ്റവും വലിയ മാറ്റങ്ങളുണ്ടായത്.

സമൂഹത്തിന് എന്ത് ആവശ്യമില്ലെന്ന് വിദ്യാർഥികൾ പഠിക്കാനും അവരെ പഠിപ്പിക്കാനും തയ്യാറാകണമെന്നും വിനോദ് തോമസ് ആവശ്യപ്പെട്ടു.

കെ എം എ പ്രസിഡന്റ് ബിബു പുന്നൂരാൻ അധ്യക്ഷത വഹിച്ചു. കെ എം എ അംഗം മീന തോമസ് സ്വാഗതവും സെക്രട്ടറി ഡോ. അനിൽ ജോസഫ് നന്ദിയും പറഞ്ഞു.

# ചൈൽഡ് ഡെവലപ്മെന്റ് സെന്റർ യൂണിസെഫിന്റെ നോളജ് പാർട്ണർ

**തിരുവനന്തപുരം:** ചൈൽഡ് ഡെവലപ്മെന്റ് സെന്ററിനെ (സിഡിസി) യൂണിസെഫ് ന്യൂറോ ഡെവലപ്മെന്റൽ ഡിസോർഡർ രോഗങ്ങളുടെ നോളജ് പാർട്ണറാക്കുന്നു. മെഡിക്കൽ കോളേജ് സിഡിസിയിൽ നടക്കുന്ന ദ്വിദിന ദേശീയ സെമിനാറിനോടനുബന്ധിച്ച് ഒക്ടോബർ 21 തിങ്കളാഴ്ച രാവിലെ 9 മണിക്ക് സിഡിസിയെ യൂണിസെഫ് നോളജ് പാർട്ണറാക്കുന്ന പ്രഖ്യാപനവും ദേശീയ സമ്മേളനത്തിന്റെ ഉദ്ഘാടനവും ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് നിർവഹിക്കും. യൂണിസെഫ് ചീഫ് ഓഫ് ഹെൽത്ത് ഡോ. വിവേക് വീരേന്ദ്ര സിംഗ് മുഖ്യ പ്രഭാഷണം നടത്തും.

സിഡിസിയുടെ പുരോഗതിയ്ക്കായി നടത്തുന്ന ഇടപെടലുകൾക്കുള്ള അംഗീകാരമാണിതെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. അപൂർവ രോഗങ്ങളുടെ സെന്റർ ഓഫ് എക്സലൻസായി എസ്.എ.ടി. ആശുപത്രിയെ തെരഞ്ഞെടുത്തപ്പോൾ അപൂർവ രോഗങ്ങളുടെ നിർണയത്തിനായി സിഡിസി ലാബിനെയാണ് തിരഞ്ഞെടുത്തത്. സിഡിസിയുടെ വികസന പ്രവർത്തനങ്ങൾക്കായി അടുത്തിടെ 2.73 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. സിഡിസിയിലെ ജെനറ്റിക് ആന്റ് മെറ്റബോളിക് ലാബിന് എൻ.എ.ബി.എൽ അംഗീകാരവും ലഭിച്ചു. 'കുട്ടിക്കാലത്തെ വെല്ലുവിളികൾ കുറയ്ക്കുക' എന്ന ലക്ഷ്യത്തോടെ വലിയ പ്രവർത്തനങ്ങളാണ് സിഡിസി നടത്തി വരുന്നത്. ഗർഭാവസ്ഥയിൽ തന്നെ കുട്ടികളിലെ വൈകല്യങ്ങൾ കണ്ടെത്തി വിദഗ്ധ ചികിത്സ ലഭ്യമാക്കുന്നതിന്റെ ഭാഗമായി ആംനിയോസെന്റസിസ് 2023 മുതൽ സിഡിസിയിൽ ആരംഭിച്ചു.

ആധുനിക ചികിത്സാ മാർഗങ്ങൾ ഉപയോഗിച്ച് ഗർഭിണികളിൽ പരിശോധന നടത്തി വൈകല്യങ്ങൾ നേരത്തെ തന്നെ കണ്ടുപിടിക്കുന്നതിലൂടെ ആവശ്യമായ ചികിത്സാ മാർഗങ്ങൾ ഇവർക്ക് ലഭ്യമാക്കാൻ സാധിക്കുന്നതായും മന്ത്രി വ്യക്തമാക്കി.

കുട്ടികളിലെ വിവിധതരം ശാരീരിക, മാനസിക പ്രശ്നങ്ങൾ പരിഹരിച്ച് അവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനും ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും സംരക്ഷിക്കുന്നതിനും പ്രഥമ പരിഗണന നൽകി പ്രവർത്തിച്ചു വരുന്ന സ്ഥാപനമാണ് സിഡിസി. ശിശു, കൗമാര പരിചരണം, വികസനം എന്നീ മേഖലകളിൽ അത്യാധുനിക ക്ലിനിക്കൽ, ഗവേഷണം, അധ്യാപന, പരിശീലന സേവനങ്ങൾ നൽകുന്നു. സിഡിസിയിലെ 15 സ്പെഷ്യാലിറ്റി യൂണിറ്റുകളിൽ ഒന്നാണ് ജനറ്റിക് ആന്റ് മെറ്റബോളിക് യൂണിറ്റ്. സ്റ്റേറ്റ് ഓഫ് ആർട്ട് മോളിക്യുലർ ലാബും ഇവിടെ പ്രവർത്തിക്കുന്നു. മോളിക്യൂലർ ജനറ്റിക് ടെസ്റ്റുകളും കൗൺസിലിംഗും ഇവിടെ നടത്തുന്നുണ്ട്. എസ്.എം.എ., ഹീമോഫിലിയ തുടങ്ങിയ രോഗങ്ങൾക്കുള്ള പരിശോധനകളും സജ്ജമാക്കുന്നു. പ്രതിമാസം 50 ഓളം പേർക്ക് ജനറ്റിക് കൗൺസിലിംഗ് നൽകി വരുന്നുണ്ട്. നിരവധി കുടുംബങ്ങളിൽ ജനിതക കൗൺസിലിംഗും ഗർഭാവസ്ഥയിലുള്ള ജനിതക ടെസ്റ്റിംഗും വഴി ജനിതക രോഗങ്ങളെ തടയാൻ സാധിച്ചിട്ടുണ്ട്. 18 വയസ് വരെയുള്ള കുട്ടികൾക്ക് സർക്കാർ പദ്ധതികളിലൂടെ സൗജന്യമായാണ് പരിശോധനകൾ നടത്തുന്നത്. സിഡിസിയുടെ സഹകരണത്തോടെയാണ് എസ്.എ.ടി. ആശുപത്രിയിൽ ഫീറ്റൽ മെഡിസിൻ വിഭാഗം ആരംഭിക്കുന്നത്.

# കോളജുകളിൽ നൈപുണ്യ വികസനകേന്ദ്രങ്ങൾ സ്ഥാപിക്കാൻ ഐസിടി അക്കാദമി ഓഫ് കേരളയ്ക്ക് ചുമതല നൽകി സർക്കാർ

**കൊച്ചി:** സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നൈപുണ്യ വികസന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാർ പങ്കാളിത്തത്തോടെ പ്രവർത്തിക്കുന്ന ഐ.സി.ടി. അക്കാദമി ഓഫ് കേരളയെ (ഐ.സി.ടി.എ.കെ.) ചുമതലപ്പെടുത്തി സർക്കാർ ഉത്തരവിറക്കി. നാലുവർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കുന്ന പശ്ചാത്തലത്തിലാണ് സെന്റർ ഫോർ സ്കിൽ ഡെവലപ്മെന്റ് കോഴ്സ് ആൻഡ് കരിയർ പ്ലാനിങ് എന്ന പേരിലുള്ള നൈപുണ്യ വികസന കേന്ദ്രങ്ങൾ ആരംഭിക്കാൻ സർക്കാർ തീരുമാനിച്ചത്. തൊഴിൽ ഉറപ്പാക്കുന്നതിനുള്ള നൈപുണ്യ പരിശീലനം വിദ്യാർത്ഥികൾക്ക് നൽകുകയാണ് ഇതിന്റെ ലക്ഷ്യം. സർക്കാർ, എയ്ഡഡ്, സ്വാശ്രയ മേഖലകളിലായുള്ള എണ്ണൂറോളം കോളജുകളിലായാണ് സർക്കാർ പങ്കാളിത്തത്തോടെ പ്രവർത്തിക്കുന്ന വിവിധ ഏജൻസികളുടെ സഹായത്തോടെ കേന്ദ്രം ആരംഭിക്കുന്നത്. നൈപുണ്യ പരിശീലനവുമായി ബന്ധപ്പെട്ടുള്ള പാഠ്യപദ്ധതി രൂപകൽപ്പന ചെയ്യുക, വിലയിരുത്തൽ, സർട്ടിഫിക്കേഷൻ, ഇന്റേൺഷിപ്പ്, ഐടി സ്ഥാപനങ്ങളിലെ പരിശീലനം, തൊഴിൽപഠനം പൂർത്തിയായവർക്ക് പ്ലേസ്മെന്റ് ഉറപ്പാക്കുക എന്നിവയാണ് ഐസിടി അക്കാദമി ഓഫ് കേരളയുടെ ദൗത്യമെന്ന് ഐ.സി.ടി. അക്കാദമി ഓഫ് കേരള സി.ഇ.ഒ. ശ്രീ. മുരളീധരൻ മന്നിങ്കൽ പറഞ്ഞു.

തൊഴിൽ രംഗവും പരമ്പരാഗത വിദ്യാഭ്യാസ മേഖലയും തമ്മിലുള്ള വിടവ് നികത്തി തൊഴിൽ വിപണിയുടെ ആവശ്യകതയ്ക്ക് അനുസൃതമായി ഐ.സി.ടി. അക്കാദമി ഓഫ് കേരള വിപുലമായ പ്രൊഫഷണൽ നൈപുണ്യ പ്രോഗ്രാമുകൾ പുതിയ കേന്ദ്രത്തിൽ ഉറപ്പുവരുത്തും.

നിലവിൽ, ഐ.സി.ടി. അക്കാദമി ഓഫ് കേരള 400ലധികം ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കേരളത്തിലെ വിവിധ ഐടി പാർക്കുകളിലെ ഐ.സി.ടി. അക്കാദമിയുടെ സെന്ററുകളിലൂടെ വിദ്യാർത്ഥികൾക്ക് നൈപുണ്യ പരിശീലനവും നൽകുന്നുണ്ട്.

സ്കിൽ ഡെവലപ്മെന്റ് രംഗത്ത് പത്തുവർഷത്തിലധികം പ്രവർത്തി പരിചയമുള്ള ഐ.സി.ടി. അക്കാദമി ഓഫ് കേരള വ്യവസായ വിദഗ്ദ്ധരുമായി സഹകരിച്ച് രൂപകല്പന ചെയ്ത പാഠ്യപദ്ധതിയാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഐടി രംഗത്തുണ്ടാകുന്ന മാറ്റങ്ങൾക്കനുസൃതമായുള്ള നൂതന കോഴ്സുകളായ ഇന്റർനെറ്റ് ഓഫ് തിങ്സ്, എഐ, ഡാറ്റാ അനലിറ്റിക്സ്, സൈബർ സെക്യൂരിറ്റി, ക്ലൗഡ് കമ്പ്യൂട്ടിംഗ് മുതലായ തൊഴിൽ സാധ്യതയേറിയ സ്കില്ലിംഗ് പ്രോഗ്രാമുകളാണ് ഐ.സി.ടി.എ.കെ. പ്രധാനമായും നൽകുന്നത്.

സംരംഭകത്വത്തിനും നവീകരണത്തിനും ഊന്നൽ നൽകിക്കൊണ്ടുള്ള നൈപുണ്യ പരിശീലനത്തിലൂടെ വിദ്യാർത്ഥികളെ സ്വയം പര്യാപ്തമാക്കുകയെന്നതും ഐ.സി.ടി. അക്കാദമി ഓഫ് കേരളയുടെ ലക്ഷ്യമാണെന്ന് സി.ഇ.ഒ. പറഞ്ഞു.

## 0484 എയ്റോ ലോഞ്ചിൽ ബുക്കിങ് തുടങ്ങി

**കൊച്ചി:** വിമാനത്താവളത്തിലെ ടെർമിനൽ 2ൽ സെപ്റ്റംബർ 1 ന് ഉദ്ഘാടനം ചെയ്ത 0484 എയ്റോ ലോഞ്ചിന്റെ 41 ഗസ്റ്റ് റൂമുകൾ പ്രവർത്തനസജ്ജമായി. ഒക്ടോബർ 21, തിങ്കളാഴ്ച മുതൽ യാത്രക്കാർക്കും സന്ദർശകർക്കും ഇവിടെ താരതമ്യേന കുറഞ്ഞ ചെലവിൽ ഗസ്റ്റ് റൂമുകൾ ലഭ്യമാക്കാവുന്നതാണ്. 6, 12, 24 മണിക്കൂർ പാക്കേജുകളിൽ റൂമുകൾ ബുക്ക് ചെയ്യാവുന്നതാണ്. ഇതോടൊപ്പം കോവർക്കിങ് സ്പേസ്, ബോർഡ് റൂമുകൾ, കോൺഫറൻസ് ഹാളുകൾ, ജിം, സ്പാ എന്നിവയും സജ്ജമായിട്ടുണ്ട്. റെസ്റ്റോറന്റും കഫേ ലോഞ്ചും രണ്ടാം ഘട്ടത്തിൽ പ്രവർത്തനം തുടങ്ങും. 0484 ലോഞ്ചിന്റെ തൊട്ടടുത്തായി തന്നെ വൈവിധ്യമാർന്ന വിഭവങ്ങൾ ലഭ്യമാകുന്ന ഫുഡ് കോർട്ടിന്റെ സൗകര്യങ്ങളും യാത്രക്കാർക്ക് ഉപയുക്തമാക്കാം.

0484 എയ്റോ ലോഞ്ചിന്റെ സൗകര്യങ്ങൾ 04843053484, +91 7306432642, 7306432643 എന്നീ നമ്പറുകളിലും 0484reservation@ciasl.in എന്ന ഇമെയിൽ വഴിയും ബുക്ക് ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് www.0484aerolounge.com സന്ദർശിക്കുക.

## ചെയിഞ്ച് മേക്കേഴ്സ് സെഷനുമായി ഗീതം യൂണിവേഴ്സിറ്റി

**കൊല്ലം:** സർവകലാശാല അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ക്ലാസ് മുറിക്ക് പുറത്ത് നിന്നുള്ള നിരവധി കാര്യങ്ങൾ പഠിക്കാൻ വേദിയൊരുക്കി ഹൈദരാബാദിലെ ഗീതം യൂണിവേഴ്സിറ്റി. ഇതിന്റെ ഭാഗമായി സംഘടിപ്പിച്ച ചെയിഞ്ച് മേക്കേഴ്സ് സെഷനിൽ പങ്കെടുത്ത് ദേശീയ അന്തർദേശീയ നേതാക്കൾ,അക്കാദമി വിദഗ്ധർ, ജനപ്രതിനിധികൾ എന്നിവരുമായി സംവദിക്കാൻ അധ്യാപകർക്കും വിദ്യാർഥികൾക്കും അവസരം ലഭിച്ചു.

ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നതിൽ പാർലമെന്ററി പങ്കാളിത്തം എന്ന വിഷയത്തിൽ മുതിർന്ന പാർലമെന്റേറിയനും റവല്യൂഷണറി സോഷ്യലിസ്റ്റ് പാർട്ടിയുടെ കേന്ദ്ര സെക്രട്ടറിയുമായ എൻ കെ പ്രേമചന്ദ്രൻ, ഗീതം യൂണിവേഴ്സിറ്റി പ്രസിഡന്റ് ശ്രീഭരത്, പ്രോ വൈസ് ചാൻസലർ പ്രൊഫ. ഡി.എസ്. റാവു തുടങ്ങിയവർ സംസാരിച്ചു.

# ആസ്റ്റർ ഗാർഡിയൻസ് ഗ്ലോബൽ നഴ്സിങ്ങ് അവാർഡ് 2024 10 ഫൈനലിസ്റ്റുകളെ പ്രഖ്യാപിച്ചു

**കൊച്ചി:** ലോകമെമ്പാടുമുള്ള നഴ്സുമാരുടെ സംഭാവനകളെ അംഗീകരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്ന ഉയർന്ന സമ്മാനത്തുകയുള്ളനഴ്സുമാർക്കുള്ള ആഗോള അവാർഡുകളിലൊന്നായ ആസ്റ്റർ ഗാർഡിയൻസ് ഗ്ലോബൽ നഴ്സിങ്ങ് അവാർഡിന്റെ മൂന്നാം പതിപ്പിലെ മികച്ച 10 ഫൈനലിസ്റ്റുകളെ ആസ്റ്റർ ഡിഎം ഹെൽത്ത് കെയർ പ്രഖ്യാപിച്ചു. ലോകമെമ്പാടുമുള്ള 202ലധികം രാജ്യങ്ങളിൽ നിന്നുള്ള 78,000ലധികം നഴ്സുമാരിൽനിന്ന് ലഭിച്ച അപേക്ഷകളിൽ നിന്നാണ് ഏറ്റവും മികച്ച 10 ഫൈനലിസ്റ്റുകളെ ഷോർട്ട്ലിസ്റ്റ് ചെയ്തത്. ഏണസ്റ്റ് ആന്റ് യംഗ് (ഇൗ)എൽഎൽപി, വിദഗ്ധ ജൂറി,ഗ്രാൻഡ് ജൂറി എന്നിവർ സ്വതന്ത്രമായി നടത്തിയ സൂക്ഷ്മമായ അവലോകന പ്രക്രിയയിലൂടെയാണ് മികച്ച 10 ഫൈനലിസ്റ്റുകളെ തിരഞ്ഞെടുത്തത്.

അവാർഡിന്റെ മൂന്നാം പതിപ്പിലെ വിജയിക്ക് 250,000 ഡോളർ സമ്മാനിക്കുന്നതിനൊപ്പം, മറ്റ് ഒൻപത് ഫൈനലിസ്റ്റുകളെ പാരിതോഷികം നൽകിഅംഗീകരിക്കുകയും ചെയ്യും. ഗ്രാൻഡ് ജൂറിയിലെ അംഗങ്ങളുമായുള്ള അഭിമുഖങ്ങൾ അവസാന റൗണ്ടിൽ ഉൾപ്പെടും. സ്വിറ്റ്സർലൻഡിലെഇന്റർനാഷണൽ കൗൺസിൽ ഓഫ് നഴ്സസിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഹോവാർഡ് കാറ്റൺ, ഗ്ലോബൽ എച്ച്ഐവി പ്രിവൻഷൻ കോയലിഷന്റെസഹ ചെയർപേഴ്സണും, മുൻ ആരോഗ്യ മന്ത്രിയും ബോട്സ്വാന പാർലമെന്റ് അംഗവുമായ പ്രൊഫ. ഷെയ്ല ട്ലോ, ഡബ്ല്യുഎച്ച്ഒ നഴ്സിങ് സഹകരണ കേന്ദ്രത്തിലെ അഡ്ജങ്ക്റ്റ് പ്രൊഫസർ പ്രൊഫ. ജെയിംസ് ബുക്കൻ, ഒബിഇ അവാർഡ് ജേതാവും സ്വതന്ത്ര ഹെൽത്ത് കെയർ കൺസൾട്ടന്റും, റോയൽകോളേജ് ഓഫ് നഴ്സിംഗിന്റെ മുൻ സിഇഒയുമായ ഡോ. പീറ്റർ കാർട്ടർ, സീനിയർ ഡിജിറ്റൽ അഡ്വൈസറും, ബോർഡ് ചെയറും, അഡ്വൈസറി മാനേജിങ്ങ് ഡയറക്ടർ ഡോ. നിതി പൽ എന്നിവരാണ് ഗ്രാൻഡ് ജൂറി അംഗങ്ങൾ.

ആർക്കിമിഡീസ് മൊട്ടാരി (കുഗിറ്റിമോ ഹെൽത്ത് സെന്റർ, കെനിയ), ജോൺസി ഇന്നി (ഇമ്മാനുവൽ ലൂഥറൻ റൂറൽ ഹോസ്പിറ്റൽ, പാപുവ ന്യൂ ഗിനിയ),ലാർണി കോൺളു ഫ്ളോറൻസിയോ (ന്യൂയോർക്ക് പ്രസ്ബിറ്റേറിയൻ, യുഎസ്എ), ലിലിയൻ നുവാബെയ്ൻ (അഗ ഖാൻ യൂണിവേഴ്സിറ്റി ഓഫ് നഴ്സിങ്സ്കൂൾ ഓഫ് നഴ്സിങ്ങ് മിഡ്വൈഫറി, മന്യാങ്ങ്വ ബെസ്റ്റ് മെഡിക്കൽ സർവീസസ് സെന്റർ ലിമിറ്റഡ്, ഉഗാണ്ട), നെൽസൺ ബൗട്ടിസ്റ്റ (തവാം ഹോസ്പിറ്റൽ,യുഎഇ), നിലിമ പ്രദീപ് കുമാർ റാണെ (നഴ്സിങ്ങ് അസോസിയേഷൻ പ്രസിഡന്റ് ഗോവ സ്റ്റേറ്റ് ബ്രാഞ്ച്, ഇന്ത്യ), മരിയ വിക്ടോറിയ ജുവാൻ (ഫിലിപ്പൈൻആർമി ഹെൽത്ത് സർവീസസിലെ കൺസൾട്ടന്റ്, ഫിലിപ്പീൻസ്), മാർട്ടിൻ ഷിയവേനാറ്റോ (ഗോൺസാഗ യൂണിവേഴ്സിറ്റി, യുഎസ്എ), ഹോയി ഷു യിൻ(ടാൻ ടോക്ക് സെങ് ഹോസ്പിറ്റൽ, സിംഗപ്പൂർ), സിൽവിയ മേ ഹാംപ്ടൺ (വൂണ്ട് കെയർ കൺസൾട്ടന്റ്സ് ലിമിറ്റഡ്, ഇംഗ്ലണ്ട്) എന്നിവരാണ് ഷോർട്ട് ലിസ്റ്റ്ചെയ്യപ്പെട്ട മികച്ച 10 ഫൈനലിസ്റ്റുകൾ. മികച്ച 10 ഫൈനലിസ്റ്റുകളെക്കുറിച്ച് കൂടുതലറിയാൻ, ദയവായി സന്ദർശിക്കുക: വഃേുേ://ooo.മലേൃഴൗമൃറശമി.രീാ/


